# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./പി15 /1801/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/01/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), കോട്ടയം.
3.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./പി15 /1801/2025 തീയ്യതി: 13/01/2026

## കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-10-2025 | 30-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2025 | 30-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാജേഷ് കുമാർ പി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ. രാജു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. എറിക് ജെ. സക്കറിയാസ് | സെക്രട്ടറി | 01-04-2024 | 05-09-2024 |
| ശ്രീ. വിനോദ് കെ. | സെക്രട്ടറി | 06-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു കെ.പി. | ശിശു വികസന പദ്ധതി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി രാജശ്രീ വി. | അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അജിത്കുമാർ എം.ആർ. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 | 01-04-2024 | 31-03-2025 |
| ഡോ. അനീന സൂസൻ സഖറിയ | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 01-04-2024 | 31-03-2025 |
| ശ്രീമതി ജയകുമാരി പി.ബി. | ഡയറി എക്സ്റ്റൻഷൻ ഓപീസർ | 01-04-2024 | 31-03-2025 |
| ശ്രീ. സെബാസ്റ്റ്യൻ ഡൊമനിക് | വ്യവസായ വികസന ഓഫീസർ | 01-04-2024 | 30-06-2024 |
| ശ്രീമതി രഞ്ചു രാജു | വ്യവസായ വികസന ഓഫീസർ | 15-07-2024 | 31-03-2025 |
| ഹെബ്രു എം.ജെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ. സിജി വർഗീസ് | മെഡിക്കൽ ഓഫീസർ , വാകത്താനം സി.എച്ച്.സി | 01-04-2024 | 14-10-2024 |
| ഡോ. കെ.ഇ.സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ , വാകത്താനം സി.എച്ച്.സി | 15-10-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തിയുടെ ബിൽ ചെലവ് തുക ശീർഷകം മാറി അക്കൗണ്ട് ചെയ്തു | 1-1-5 |
| 7 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-6 |
| 8 | മുൻവർഷ ചെലവുകളുടെ ക്രമീകരണം Notes On Account ലൂടെ വ്യക്തമാക്കിയിട്ടില്ല | 1-1-7 |
| 9 | Deposit Register സൂക്ഷിച്ച് നിക്ഷേപങ്ങളുടെ വിനിമയം നിരീക്ഷിക്കുന്നില്ല | 1-1-8 |
| 10 | പാർട്ട് ബില്ലുകളുടെ ക്രമീകരണത്തിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല | 1-1-9 |
| 11 | Govt. & Other Dues Register സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | PMAY കേന്ദ്ര വിഹിതത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം 2024-25 | 1-4 |
| 16 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | സാമൂഹ്യ സുരക്ഷപദ്ധതികൾ | 1-7 |
| 19 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 22 | ഇ.ടെണ്ടർ ഫീസ് ബ്ളോക്ക് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-11 |
| 23 | നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 2.6 കോടി രൂപയുടെ വിശദാംശം ലഭ്യമല്ല | 1-12 |
| 24 | പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 1-13 |
| 25 | പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല - രേഖകളില്ലാതെ ചെലവഴിച്ച് 25212/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-14 |
| 26 | നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-15 |
| 27 | വനിത ഗ്രൂപ്പുകൾക്ക് ബന്ദിപ്പൂകൃഷി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 28 | പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ- വിതരണവിവരങ്ങൾ ഇല്ല | 1-17 |
| 29 | ഭക്ഷ്യസംസ്കരണയൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നിയമാനുസൃതമല്ല | 1-18 |
| 30 | കുടിവെള്ള പദ്ധതിക്കുള്ള കുഴൽക്കിണർ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുക നിക്ഷേപിച്ചില്ല | 1-19 |
| 31 | സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുമ്പോൾ സ്റ്റോക്ക് നമ്പർ പതിക്കുന്നില്ല | 1-20 |
| 32 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ നിക്ഷേപ പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും നിരീക്ഷിക്കുന്നില്ല | 1-21 |
| 33 | പഠനമുറി നിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 34 | 1.97 ലക്ഷം രൂപയുടെ മരുന്നുകൾ സി.എച്ച്.സി.-ക്ക് ലഭ്യമായില്ല | 1-23 |
| 35 | എയിഡഡ് സ്കൂളുകളിൽ ടോയ് ലറ്റ് നിർമ്മാണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 36 | ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നു | 1-25 |
| 37 | PMAY ഭവന നിർമ്മാണ പദ്ധതി അവലോകനം | 1-26 |
| 38 | ആരോഗ്യ ഗ്രാന്റ് - അവലോകനം | 1-27 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. | 3-1 |
| 2 | നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ - അധിക ചെലവ് അംഗീകരിക്കുന്നില്ല | 3-2 |
| 3 | വനിത ഗ്രൂപ്പുകൾക്ക് ബന്ദിപ്പൂകൃഷി - വിതരണം ചെയ്യാത്ത തൈകളുടെ വില അംഗീകിക്കുന്നില്ല | 3-3 |
| 4 | പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ- വിതരണവിവരങ്ങൾ ഇല്ല | 3-4 |
| 5 | ഭക്ഷ്യ സംസ്കരണ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നിയമാനുസൃതമല്ല | 3-5 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം-ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. **മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25-07-2025 തീയതിയിലെ 2(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 13.01.2026** **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ ജനറൽ ഫണ്ട് മൂല്യം 10407872/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ OBRP വിവരം സൂക്ഷിച്ചിട്ടില്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും മറുപടിയിൽ ഹാജരാക്കേണ്ടതുമാണ്.

**1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല**

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷം വരെയുള്ള മൂലധന ചെലവുകൾക്ക് ആനുപാതികമായി മൂലധന വിഹിതം അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നതിൽ വ്യക്തതയില്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26-07-2011 ലെ ജി.ഒ (എം.എസ്.)–152/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ഡേറ്റാബേസ് കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-1-4 വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല**

2024-25 വാർഷിക പദ്ധതിയിലെ ആസ്തി വർദ്ധനവ് ബാധകമായ പ്രോജക്ടുകളുടെ ഫണ്ട് ചെലവുകൾ മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. വാർഷിക പദ്ധതിയിലെ 1.15 കോടിയോളം രൂപയുടെ മൂലധന ചെലവിന് ആനുപാതികമായി 15.66 ലക്ഷം രൂപയുടെ ചെലവ് മാത്രമാണ് മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്തത്. ഏകദേശം 1 കോടിയോളം രൂപയുടെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് നിക്ഷേപ പ്രവൃത്തികൾ(54 ലക്ഷം), പാർട്ട് ബിൽ(23.67 ലക്ഷം), മറ്റ് ബില്ലുകൾ എന്നിവയുടെ മൂലധന ചെലവുകൾ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2024-25 ലെ മൂലധന വർദ്ധനവ് തുടർ വർഷത്തിൽ Prior Period ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച ശേഷം ബന്ധപ്പെട്ട വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

**1-1-5 നിക്ഷേപ പ്രവൃത്തിയുടെ ബിൽ ചെലവ് തുക ശീർഷകം മാറി അക്കൗണ്ട് ചെയ്തു**

പ്രോജക്ട് നം.47/25 പ്രകാരം വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിന് 534,060/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് KSEB Ltd. ൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത പ്രോജക്ടിൽ ബിൽ നം.318/23-11-2024 പ്രകാരം ചെലവഴിച്ച തുകയിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിനായുള്ള 40,012/- രൂപ ഭൂജല വകുപ്പിലെ നിക്ഷേപ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. പ്രസ്തുത നിക്ഷേപം KSEB യിലെ നിക്ഷേപമായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അപാക ജേർണൽ വൗച്ചർ ചെയ്ത് തുടർ വർഷം പരിഹരിക്കേണ്ടതാണ്.

**1-1-6 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല**

2024-25 വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ തൻവർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹിച്ചതും (75/25 – 218750/-, 7/25 – 2 ലക്ഷം) വ്യവസായ വികസന ഓഫീസർ നിർവ്വഹിതും (173/25 – 5.25 ലക്ഷം, 93/25 – 166,665/-) ക്ഷീര വികസന ഓഫീസർ നിർവ്വഹിതും (114/25 – 1.5 ലക്ഷം, 17/25 – 8.5 ലക്ഷം-, 21/25 – 674660/-, 113/25 – 1.71 ലക്ഷം-) ആയ 8 പ്രോജക്ടുകളിൽ നേരിട്ട് ചെലവഴിച്ച 29.56 ലക്ഷം രൂപയുടെ ഗുണഭോക്തൃ വിഹിതം വാർഷിക പദ്ധതി ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. തുടർ വർഷം മുതൽ സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-7 മുൻവർഷ ചെലവുകളുടെ ക്രമീകരണം Notes On Account ലൂടെ വ്യക്തമാക്കിയിട്ടില്ല

മുൻ വർഷങ്ങളിലെ ചെലവുകളായി ക്രമീകരിക്കപ്പെട്ട 2,782,773/- രൂപയുടെ വിശദാംശം നോട്ട്സ് ഓൺ അക്കൗണ്ട് ആയി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല. പ്രസ്തുത ഇടപാടുകളുടെ ലെഡ്ജർ വിശദാംശത്തിലും അക്കൗണ്ടിങ്ങ് കുറിപ്പുകൾ(Narration) കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/2024-25/27-10-2025) മറുപടി ലഭിച്ചില്ല. Notes On Account സാക്ഷ്യപ്പെടുത്തി ലഭ്യമാക്കി മേൽപറഞ്ഞ ക്രമീകരണങ്ങൾ വിശദീകരിക്കേണ്ടതാണ്.

### 1-1-8 Deposit Register സൂക്ഷിച്ച് നിക്ഷേപങ്ങളുടെ വിനിമയം നിരീക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ നിക്ഷേപങ്ങളിൽ 31-03-2025 ൽ അവശേഷിക്കുന്ന 907,411/- രൂപയുടെ വിശദാംശം Deposit Register സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ബാധ്യതയായി തുടരുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടി ബാധ്യത ഒഴിവാക്കാൻ സംവിധാനമില്ല. Deposit Register മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി ഹാജരാക്കേണ്ടതും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടേണ്ടതുമാണ്.

### 1-1-9 പാർട്ട് ബില്ലുകളുടെ ക്രമീകരണത്തിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല

Capital Work In Progress അക്കൗണ്ടിങ്ങിന്റെയും ക്രമീകരണത്തിന്റെ ആധികാരികത അനുബന്ധ രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കാത്തതിനാൽ ഉറപ്പാക്കാനാകുന്നില്ല. തൻ വർഷം 2,366,791/- രൂപ പാർട്ട് ബിൽ ചെലവ് തുക പിന്നീട് ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. പാർട്ട് ബില്ലായുള്ള തുക നിലനിൽക്കുന്ന പ്രോജക്ടുകൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ Capital Work In Progress ൽ നിലനിൽക്കുന്ന തുക പ്രവൃത്തി പൂർത്തീകരണ വിവരം രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതും സുസ്ഥിര ആസ്തിയായുള്ള ക്രമീകരണത്തിന്റെ ആധികാരികത ഉറപ്പാക്കേണ്ടതുമാണ്.

### 1-1-10 Govt. & Other Dues Register സൂക്ഷിക്കുന്നില്ല

കൃത്യമായ വിശദാംശത്തിന്റെ അഭാവത്തിൽ 27,591/- രൂപയുടെ റിക്കവറി ഇനത്തിലുള്ള GST , Revenue Recovery, Income Tax, Flood Cess എന്നിവ സർക്കാരിലേക്ക് ഒടുക്കാൻ കഴിയാതെ ദീർഘകാല ബാധ്യതയായി തുടരുകയാണ്. റിക്കവറികൾ Govt. & Other Dues Register ൽ ചേർത്ത് നിരീക്ഷിക്കേണ്ടതായിരുന്നു. റിക്കവറികളുടെ വിശദാംശം കണ്ടെത്തി ഒടുക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യത തീർപ്പാക്കേണ്ടതുമാണ്.

### 1-1-11 PMAY കേന്ദ്ര വിഹിതത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്തില്ല

PMAY പദ്ധതിക്കായി തൻവർഷം 9/25, 10/25 എന്നീ രണ്ട് പ്രോജക്ടുകൾ പ്രകാരം 48.72 ലക്ഷം രൂപ PMAY Central Share ചെലവഴിച്ചതായി പ്രോജക്ട് ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ PMAY Central Share ന്റെ 48.72 ലക്ഷം രൂപ വാർഷിക പദ്ധതിയിലെ വരവും ചെലവും ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. തുടർ വർഷം മുതൽ നേരിട്ട് ചെലവഴിക്കുന്ന PMAY Central Share അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ്, ഭരണസമിതിയുടെ 17.02.2024 -ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, യഥാർത്ഥത്തിലുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 7000000 | 1928590 |
| വരവ് | 268461000 | 82156077 |
| ആകെ | 275461000 | 84084667 |
| ചെലവ് | 268714000 | 78329665 |
| നീക്കിയിരിപ്പ് | 6747000 | 5755002 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. ബജറ്റ് പരിഷ്ക്കരിച്ച് അവതരിപ്പിച്ചിട്ടില്ല. ബജറ്റിൽ വകയിരുത്തിയിട്ടുള്ള ചില ഇനങ്ങളുടെ സാമ്പത്തിക വിനിമയങ്ങൾ (MLA, MP പ്രാദേശിക ഫണ്ട്, എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി ഇനങ്ങളിൽ ബജറ്റിൽ

വകയിരുത്തിയിരിക്കുന്നത് 17.4 കോടി രൂപയാണ്, എന്നാൽ ഇവയുടെ വരവ്/ചെലവ് കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല) നേരിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് മുഖാന്തിരം ഇവയുടെ സാമ്പത്തിക വിനിമയം നിർവ്വഹിക്കപ്പെടാത്തതിനാൽ ഇവ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കാത്തതുമൂലമാണ് വലിയ തോതിലുള്ള വ്യതിചലനം കാണുന്നത്. പഞ്ചായത്ത് രാജ് നിയമം അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് ശാസ്ത്രീയമായി തയ്യാറാക്കേണ്ടതും പ്രത്യക്ഷ വ്യതിയാനങ്ങൾ കുറിപ്പുകളിലൂടെ വിശദീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01-04-2024) | 1,928,590/- |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 82,156,077/- |
| ആകെ(Total Receipts And Opening Balance) | 84,084,667/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 78,329,665/- |
| നീക്കിയിരിപ്പ് (31-03-2025) | 5,755,002/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 64,688,494/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 61,797,543/- |
| പ്രവർത്തന മിച്ചം (Gross Surplus) | 2,890,951/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 2,782,773/- |
| അറ്റ പ്രവർത്തന മിച്ചം (Net Surplus) | 5,673,724/- |

**ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ**

| | |
|---|---|
| ആസ്തിമൂല്യം (Total Assets) | 88,904,145/- |
| ബാധ്യതകളുടെ മൂല്യം (Total Liabilities) | 62,737,435/- |
| ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund) | 26,166,710/- |

**ഓഡിറ്റ് പ്രത്യവലോകനം 2024-25**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 4,73,943/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,48,495/- |

## 1-4 ഗ്രാന്റ് വിനിയോഗം 2024-25

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ആരോഗ്യ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 24,258,000/- | 24,258,000/- | 24,258,000/- | 0 | 100 |
| വികസന ഫണ്ട്- SCSP | 0 | 12,521,000/- | 12,521,000/- | 12,521,000/- | 0 | 100 |
| വികസന ഫണ്ട്- TSP | 0 | 87,000/- | 87,000/- | 87,000/- | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 573481<br>Interest<br>Treasury<br>Total | 4087407 +<br>160244<br>19 =<br>4,247,670/- | 4821132/-<br>19<br>4821151/- | 4219866 +<br>0 =<br>4,219,866/- | 601266 +<br>19 =<br>601285/- | 87.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 13404<br>Treasury<br>Total | 9025000 +<br>225468 =<br>9,250,468/- | 9038404/-<br>225468/-<br>9,263,872/- | 8064747 +<br>99850 =<br>8,164,597/- | 973657 +<br>125,618/- =<br>1,099,275/- | 88.13 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 4,728,000/- | 4,728,000/- | 4,727,617/- | 383/- | 99.99 |
| ആരോഗ്യ ഗ്രാന്റ്- Diagnostic Infra | 0 | 2,895,000/- | 2,895,000/- | 0 | 2,895,000/- | - |
| IAY ഗ്രാന്റ് | 431,818/- | 11,753/- | 443,571/- | 0 | 443,571/- | - |
| PMAY Central | 0 | 4,872,000/- | 4,872,000/- | 4,872,000/- | 0 | 100 |
| ഗുണ. വിഹിതം | 39,631/- | 38,016/- | 77,647/- | 32,168/- | 45,479/- | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ് ഫണ്ട് രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. PMAY Central Share തൻവർഷം 48.72 ലക്ഷം രൂപ (101 ഗുണഭോക്താക്കൾക്ക് 48,000/- രൂപ വീതവും ഒരു മുൻവർഷ ഗുണഭോക്താവിന് 24,000/- രൂപയും) ചെലവുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ 37.44 ലക്ഷം രൂപ മാത്രമാണ് ചെലവ് അക്കൗണ്ട് ചെയ്തത്. 11.28 ലക്ഷം രൂപയുടെ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.
2. IAY ഗ്രാന്റ് 4.4 ലക്ഷം രൂപ ബ്ലോക്ക് ഫണ്ടിലുള്ളത് ചെലവഴിക്കാതെ തുടരുന്നു. ടി ഫണ്ട് PMAY ഗുണഭോക്താക്കൾക്കായി തുടർ വാർഷിക പദ്ധതിയിൽ ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. ഗുണഭോക്തൃ വിഹിതം 45,479/- രൂപ അവശേഷിക്കുന്നതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല. തൻവർഷം വാർഷിക പദ്ധതിയിൽ 32,168/- രൂപ ചെലവഴിച്ചത് ഗ്രാന്റ് തിരിച്ചടവായിട്ടാണ് അക്കൗണ്ട് ചെയ്തത്. ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നത് പ്രോജക്ട് ചെലവായി മാത്രം അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. 31-03-2025 ലെ നീക്കിയിരിപ്പിന്റെ വിശദാംശവും കണ്ടെത്തി ACR തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ്, ചെലവ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

**1-5 വാർഷിക പദ്ധതി അവലോകനം**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണ സമിതിയുടെ 04.03.2025 -ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയുടെ യോഗം 01-01-2024 നും വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം

05-01-2024 ലും വികസന സെമിനാർ 09-01-24 ലും ചേർന്നിട്ടുണ്ട്.

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|
| 155 | 120 | 102540298 | 64117824 | 77.4 | 62.52 |

**വിവിധ നിർവഹണോദ്യോഗസ്ഥർനടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 12 | 11 | 4375146 | 4274724 | 97.7 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 51 | 31 | 48552071 | 25554281 | 52.6 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.-വാകത്താനം) | 10 | 8 | 4332939 | 3530968 | 81.49 |
| പട്ടികജാതി വികസന ഓഫീസർ | 7 | 6 | 8245000 | 6827876 | 82.81 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 14 | 13 | 3472893 | 2598816 | 74.83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10 | 9 | 5469803 | 2672460 | 48.8 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 3783332 | 925000 | 24.44 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 39 | 24309114 | 17733699 | 72.9 |
| **ആകെ** | **155** | **120** | **102540298** | **64117824** | **62.52** |

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടം ഉണ്ടാക്കാൻ സാധിച്ചു. വികസനഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങളിൽ 100% തുക ചെലവഴിക്കാൻ സാധിച്ചു.മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും 99.99% ചെലവഴിയ്ക്കാൻ സാധിച്ചു. ധനകാര്യകമ്മീഷൻ (ടൈഡ്), അൺടൈഡ് വിഭാഗങ്ങളിൽ നിന്നും യഥാക്രമം 87.53%, 88.13% ചെലവഴിച്ചിട്ടുണ്ട്. വ്യവസായ വികസന ഓഫീസർക്കും ഡയറി എക്സ്റ്റൻഷൻ ഓഫീസർക്കും പ്രോജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായില്ല വാർഷിക പദ്ധതിയിലൂടെ ബ്ലോക്ക് പഞ്ചായത്തിൽ നിയമപരമായി നിക്ഷിപ്തമായ പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടിക കാണുക).

പൊതു/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആവിഷ്ക്കരിച്ച ലൈഫ്, പി.എം.എ.വൈ പാർപ്പിട പദ്ധതികൾക്കായി തൻവർഷം ഒരുകോടി എഴുപത്തിയാറ് ലക്ഷത്തിലധികം രൂപ ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

നൂതന പ്രോജക്ട് എന്ന നിലയിൽ പട്ടികജാതി വികസന ഓഫീസർ ആധുനിക അടുക്കള(നളം), പട്ടികജാതി യുവതികൾക്ക് പി.എസ്.സി. പരിശീലനം, പ്രതീക്ഷ എന്നീ പ്രോജക്ടുകൾ തൻവർഷം

ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ ക്ഷീര സമൃദ്ധി പ്രകൃതിദത്ത തീറ്റയിലൂടെ എന്ന പ്രോജക്ടും നൂതന പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ചുവടെ ചേർക്കും പ്രകാരമുള്ള 1.26 ലക്ഷം രൂപയുടെ ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 125637 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 383 |
| ആകെ | 126020 |

പ്രോജക്ട് നിർവ്വഹണത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ യും ജീവനക്കാരുടെയും ജാഗ്രതമൂലം വളരെ കുറച്ച് തുക മാത്രമേ ലാപ്സായിട്ടുള്ളൂ. വരും വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന സർക്കാർ ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കാൻ ഭരണസമിതിയുടെ നിതാന്ത ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം നേരിട്ട് പ്രവൃത്തികളൊന്നും നടപ്പാക്കുന്നില്ല. ഭരണനിർവഹണത്തിനും അനുബന്ധചെലവുകൾക്കുമായി ലഭിക്കുന്ന തുകയുടെ ഇടപാടുകളുടെ ഭാഗമായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിൽ നൽകിയിട്ടുള്ള സാമ്പത്തിക വിനിമയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരം ഉള്ള തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 13498.50 | ഭരണനിർവഹണം-ശമ്പളം അലവൻസുകൾ | 695600.00 |
| ഭരണനിർവഹണം-ഇ.എഫ്.എം.എസ്. വരവ് | 843967.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 34694.00 |
| 100ദിനങ്ങൾ -പ്രതിഫലം | 923000.00 | 100ദിനങ്ങൾ -പ്രതിഫലം | 923000.00 |
| കില - പരിശീലനം | 39368.00 | പരിശീലനം | 35655.00 |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ | 734044 | ബ്ലോക്ക് പഞ്ചായത്തിന് മുൻകൂർ തിരികെ | 756513.00 |
| പലിശ | 2504 | | |
| | | നീക്കിയിരിപ്പ് | 110919.50 |
| ആകെ | 2556381.50 | ആകെ | 2556381.50 |

## 1-7 സാമൂഹ്യ സുരക്ഷപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം സാമൂഹ്യസുരക്ഷാപെൻഷനുകൾ വിതരണം ചെയ്യുന്നില്ല. വാർഷികകണക്കിലും പ്രസ്തുതയിനത്തിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 23.10.2025 -ന് 03.45 PM -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയതിൽ പ്രസ്തുത സമയത്ത് ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നാലാം പട്ടികയിൽ വിവരിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാൻ

പര്യാപ്തമായവിധം വാർഷിക പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്നുള്ള പരിശോധനയും മോണിറ്ററിങ്ങ് സംവിധാനവും കാര്യക്ഷമമാക്കേണ്ടതുണ്ട് (പ്രത്യേകിച്ചും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം).

ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ, ബജറ്റ് ഡോക്യുമെന്റിന്റെ കൃത്യത, ബജറ്ററി കൺട്രോൾ എന്നിവയും നിയമാനുസൃതവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും തദനുസരണമായ ഭൗതികനേട്ടം ആർജിക്കുന്നതിലെ പുരോഗതിയും ഉറപ്പാക്കേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള സപ്പോർട്ടിംങ് രജിസ്റ്ററുകൾ (Deposit Register, Dues To Government And Other Institution Register, മുതലായവ) കൃത്യമായി സൂക്ഷിക്കാത്തതും, അപൂർണ്ണമായി സൂക്ഷിക്കുന്നതുമായ രീതിയാണ് പിന്തുടരുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിങ് നടപടികളിൽ ന്യൂനത നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിച്ച് തുടർവർഷങ്ങളിലെ വാർഷികകണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-01-2016 മുതൽ 02-02-2016 വരെ | 2013-14 മുതൽ 2014-15 വരെ | OA(HQ)III/III /12-325/ 15-16/720 /01-03-2016 |
| പെർഫോർമൻസ് ഓഡിറ്റ് | 21-08-2025 – 27-08-2025 | 2024-25 | ലഭിച്ചിട്ടില്ല |

**1-11 ഇ.ടെണ്ടർ ഫീസ് ബ്ളോക്ക് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചിട്ടില്ല**

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI മാടപ്പള്ളി ശാഖയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/c No.42341332301). 11.09.2025 ൽ ഈ അക്കൗണ്ടിൽ 113,870/- രൂപ ബാലൻസുണ്ട്. ആയത് ബ്ളോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലാണ് ക്രഡിറ്റ് വന്നിരുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2020 | 22486 |
| 2021 | 64370 |
| 2022 | 28800 |
| ആകെ | 115656 |

കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള 115656/-രൂപയും, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 113,870/- ഉൾപ്പടെ 229526/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക്(നം.9/27.10.25) മറുപടി ഹാജരാക്കിയില്ല. ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനമായതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ തുകയും, ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുമുള്ള തുകയും ബ്ലോക്ക് പഞ്ചായത്തിന് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 2.6 കോടി രൂപയുടെ വിശദാംശം ലഭ്യമല്ല**

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ കേരള ജല അതോറിറ്റി (KWA), കേരള

സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEB Ltd.), ഭൂജല വകുപ്പ് (GWD) എന്നീ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയുടെ വിശദാംശം 2024-25 Advance Register-ൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/വാർഡ്/ഡിവിഷൻ(Location), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതും പ്രവൃത്തികളുടെ 31-03-2025 വരെയുള്ള നിർവ്വഹണ പുരോഗതി (Implementation Status) ബ്ലോക്ക് പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങളുടെ അഭാവത്തിൽ ടി തുകകൾ ഏതെല്ലാം വർഷങ്ങളിൽ നിക്ഷേപിച്ച തുകയാണ് എന്നതിൽ വ്യക്തതയില്ല. ധനകാര്യ പത്രിക പ്രകാരം 2024-25 വാർഷിക പദ്ധതിയിൽ നിക്ഷേപിച്ച 54.09 ലക്ഷം രൂപ ഉൾപ്പടെ 31-03-2025 ലെ നിക്ഷേപ തുകയുടെ വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | നിക്ഷേപം തുക |
|---|---|---|
| 1. | കേരള ജല അതോറിറ്റി | 9,986,844/- |
| 2. | കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് | 9,200,045/- |
| 3. | ഭൂജല വകുപ്പ്, കേരളം | 6,830,012/- |
| ക്രമീകരിക്കാതെ തുടരുന്ന നിക്ഷേപം | | 26,016,901/- |

മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സൂക്ഷിക്കാതിരുന്നതിനാൽ നിക്ഷേപം നടത്തിയതിന് ശേഷം പ്രവൃത്തികളുടെ പുരോഗതി വിവരം ബ്ലോക്ക് പഞ്ചായത്ത് അധികൃതർ പരിശോധിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. മുൻ വർഷങ്ങളിലെ പ്രവൃത്തികൾ തുടങ്ങിയോ എന്നതിലും വ്യക്തതയില്ല. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിലെ അപാകതയ്ക്കും മേൽപറഞ്ഞ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും വ്യക്തമായ ലംഘനത്തിനും രേഖാമൂലം വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2024-25/25-10-2025) നൽകിയതിന് തൻവർഷ നിക്ഷേപ പ്രവൃത്തികളുടെ വിവരം Advance Register ൽ ചേർത്തതായി മറുപടി ലഭ്യമാക്കി. നിക്ഷേപ പ്രവൃത്തികളുടെ 01-04-2024 ലെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുന്നിരിപ്പും തൻവർഷ ഇടപാടുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി മേൽ പറഞ്ഞ ഓരോ ഏജൻസിയിലെയും നിക്ഷേപ വിവരത്തിന്റെ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി രജിസ്റ്ററിന്റെ പകർപ്പ് ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-13 പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| നിർവ്വഹണോദ്യോഗസ്ഥ | | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, മാടപ്പള്ളി ബ്ലോക്ക് | | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നം | അടങ്കൽ | ചെലവ് | |
| 1 | S0142/25, സി.ഡി.പി.ഒ. ഓഫീസിൽ മൈക്ക് സെറ്റ്, അനുബന്ധഉപകരണങ്ങൾ വാങ്ങൽ.(സ്പിൽ ഓവർ) | ₹70,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | ₹62,600/- | 68/05.07.24 |
| 2 | S0144/25, മാടപ്പള്ളി സി.ഡി.പി.ഒ. ഓഫീസിൽ ദൈനം ദിന ചെലവ് (സ്പിൽ ഓവർ) | ₹15,888/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | ₹15,888/- | 69/05.07.24 |
| 3 | S0014/25, മാടപ്പള്ളി സി.ഡി.പി.ഒ. ഓഫീസിൽ ദൈനം ദിന ചെലവ് | ₹50,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | ₹49,074/- | 112/23.09.24 |

പ്രസ്തുത പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ ക്രമനമ്പർ(1)പ്രോജക്ട് പ്രകാരം

വാങ്ങിയ മൈക്ക് സെറ്റ്, അനുബന്ധ ഉപകരണങ്ങളുടെ വാറന്റി വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ടി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഫയലിനോടൊപ്പം ഹാജരാക്കിയില്ല. സി.ഡി.പി.ഒ. ഓഫീസിലെ വിവിധ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള ക്രമനമ്പർ (2), (3) പ്രോജക്ടുകൾ പ്രകാരം ആവർത്തന സ്വഭാവമുള്ള വിവിധ ചെലവുകൾക്കായി തുക ചെലവഴിച്ചത് കൂടാതെ പെഡസ്റ്റൽ ഫാൻ, കമ്പ്യൂട്ടർ മോണിട്ടർ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ടി സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ഇലക്ട്രിക്/ഇലക്ട്രോണിക് സാധനങ്ങളുടെ വാറന്റി വിവരങ്ങൾ എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വാങ്ങിയ ഐറ്റം | ഇൻവോയ്സ്/തീയതി | വില(₹) |
|---|---|---|---|
| S0142/25 | മൈക്ക്സെറ്റ്, അനുബന്ധഉപകരണങ്ങൾ | 412/21.03.2024 | 62600 |
| S0144/25 | ക്രോംപ്ടൺ സ്റ്റോം പെഡസ്റ്റൽ ഫാൻ | C116/22.03.2024 | 8500 |
| | സ്റ്റേഷനറി ഐറ്റംസ് | 128/23.03.2024 | 4500 |
| S0014/25 | കമ്പ്യൂട്ടർ മോണിട്ടർ (Acer 20 Inch) | 26/20.07.2024 | 6200 |
| | കമ്പ്യൂട്ടർ മോണിട്ടർ (Acer 20 Inch) | 66/30.12.2024 | 6200 |
| | സ്റ്റേഷനറി ഐറ്റംസ് | 124/22.12.2024 | 7500 |
| ആകെ | | | 95500 |

ടി ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണക്കുറിപ്പ് (നം.18/29.10.2025) നല്കിയെങ്കിലും ടി രജിസ്റ്റർ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക ₹95,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-14 പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല - രേഖകളില്ലാതെ ചെലവഴിച്ച് 25212/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

| നിർവ്വഹണ ഉദ്യോഗസ്ഥ | | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | | ബിൽ നം./തീയതി |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ (₹) | ചെലവ് (₹) | 89/12.08.24 |
| 1 | 131/2025, കേരശ്രീ പദ്ധതി(സ്പിൽ ഓവർ) | 14,790 (മറ്റുള്ളവ) | 4070 (മറ്റുള്ളവ) | |
| 2 | 134/2025, വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം(സ്പിൽ ഓവർ) | 16987 (മറ്റുള്ളവ) | 16987 (മറ്റുള്ളവ) | |
| 3 | 133/2025, എ.ഡി.എ. ആഫീസിൽ ദൈനംദിന ചെലവ്(സ്പിൽ ഓവർ) | 4155 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 4155 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | |

പ്രസ്തുത പ്രോജക്ട് ഫയലുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.19/29.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമനമ്പർ (1), (2), (3) സ്പിൽ ഓവർ പ്രോജക്ട് പ്രകാരമുള്ള ആകെ തുക ₹25212/- ടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു .

**1-15 നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം | S0075/25, നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ -കൃഷി |
| അടങ്കൽ | ₹6,98,620/- (വികസനഫണ്ട്-ജനറൽ)<br>₹2,18,750/-(മറ്റുള്ളവ – ഗുണഭോക്തൃവിഹിതം)<br>--------------------<br>₹9,17,370/- (ആകെ) |
| ചെലവ് | ₹6,98,620/- (വികസനഫണ്ട്-ജനറൽ)<br>---------------- |

| | |
|---|---|
| ബിൽ നം./തീയതി/തുക | 1)286/07.03.2025/₹3,88,620<br>2)299/11.03.2025/₹3,10,000 |

നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുക, നെല്ലിന്റെ മേന്മ ഉറപ്പാക്കുക, സമയ ബന്ധിതമായി വളപ്രയോഗം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥിരം നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ ഒരു ഹെക്ടറിൽ തളിക്കുന്നതിന് ₹2000 രൂപ പാടശേഖരങ്ങൾക്ക് സബ്സിഡിയായും ₹625 പാടശേഖരസമിതി നേരിട്ടും വഹിച്ചു കൊണ്ട് (ആകെ ₹2625/ഹെക്ടർ) മൂലകങ്ങളുടെ വില, കൂലി ചെലവ്, ഡ്രോൺ വാടക, വാഹന വാടക എന്നീ ഘടകചെലവുകൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

എ) വാഴപ്പള്ളി ഓടേറ്റി വടക്കേ പാടശേഖരത്തിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹോർമിസ് ഹെബിൻ ഫ്രാൻസിസ്, മംഗലശ്ശേരി വീട്, ആസാദ് റോഡ്, ആലുവ, എറണാകുളം എന്ന ഏജൻസിക്ക് ₹3,07,500 (ടാക്സ് ഇൻവോയിസ് പ്രകാരം ₹4,43,231) നല്കിയിട്ടുണ്ട്. പായിപ്പാട് പൂവം, ഇട്ട്യാകരി പാടശേഖരങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് സമൃദ്ധി അഗ്രോ ഡ്രോൺ സർവീസ് , പുത്തൻവീട്, തോട്ടപ്പള്ളി, ആലപ്പുഴ എന്ന ഏജൻസിക്ക് ₹2,17,500 (ടാക്സ് ഇൻവോയിസ് പ്രകാരം ₹3,52,500) നല്കിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളെ ടി പ്രവൃത്തികൾക്കായി തെരഞ്ഞെടുത്തതിന്റെ രേഖകൾ (ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ), കമ്മറ്റി തീരുമാനം എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ബി) പ്രസ്തുത പാടശേഖരങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹെക്ടറിന് ചെലവായ തുക ഏജൻസികൾ അനുസരിച്ച് ചുവടെ ചേർക്കും വിധം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമനമ്പർ | ഏജൻസിയുടെ പേര് | പാടശേഖരത്തിന്റെ പേര് | വിസ്തൃതി (ഹെക്ടറിൽ) | ഡ്രോൺ ചെലവ്(₹) | ഡ്രോൺ ചെലവ്(₹)/ഹെക്ടർ |
|---|---|---|---|---|---|
| 1 | ഹോർമിസ് ഹെബിൻ ഫ്രാൻസിസ് | ഓടേറ്റി വടക്കേ പാടശേഖരം | 205 | 4,43,231.25 | 2162.10 |
| 2 | സമൃദ്ധി അഗ്രോ ഡ്രോൺ സർവീസ് | പായിപ്പാട് പൂവം, ഇട്ട്യാകരി പാടശേഖരം | 235 | 3,52,500 | 1500 |
| വ്യത്യാസം | | | | | 662.1 |

ഒടേറ്റി വടക്കേ പാടശേഖരത്തിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹെക്ടറിന് ₹662.1 നിരക്കിൽ 205 ഹെക്ടറിന് ₹1,35,731/- യുടെ അധികചെലവ് ഡ്രോൺ വാടകയിനത്തിൽ ഉണ്ടായിട്ടുണ്ട്.

സി)ഒടേറ്റി വടക്കേ പാടശേഖരത്തിൽ നെല്ലുല്പാദക സമിതി 07/01/2025 ൽ സമർപ്പിച്ചിരിക്കുന്ന ശരത്ത് എന്ന വ്യക്തിയുടെ ₹10000യുടെ വൗച്ചറിൽ ഏതിനത്തിലുള്ള കൂലിയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പിലും ഫയൽ കൈകാര്യം ചെയ്തതിലും മേൽ സൂചിത അപാകതകൾ സംഭവിച്ചതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് അന്വേഷണകുറിപ്പ് (നം.04/26.10.2025) നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം നടത്തുന്ന വിവിധ ഏജൻസികളെ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിരിന്നെങ്കിൽ ഉപഖണ്ഡിക (ബി)യിൽ പരാമർശിക്കുന്ന അധികചെലവ് ഒഴിവാക്കാമായിരുന്നു. കൂടാതെ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുകയോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഉപഖണ്ഡിക (ബി)യിൽ പരാമർശിക്കുന്ന അധികമായി ചെലവഴിച്ച തുക ₹1,35,731/- ഓഡിറ്റിൽ നിരാകരിക്കുകയും ഉപഖണ്ഡിക (സി)യിൽ പരാമർശിക്കുന്ന തുക ₹10000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-16 വനിത ഗ്രൂപ്പുകൾക്ക് ബന്ദിപ്പൂകൃഷി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0069/25, ബന്ദിപ്പൂകൃഷി വനിത ഗ്രൂപ്പുകൾക്ക് |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ |

| | |
|---|---|
| | -കൃഷി |
| അടങ്കൽ | ₹1,00,000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹1,00,000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 1)170/16.12.2024/₹40,000<br>2)157/13.12.2024/₹9,000<br>3)156/13.12.2025/₹51,000 |

ഓണത്തിന് ആവശ്യമായ പൂക്കൾക്ക് സ്വയം പര്യാപ്തത കൈവരിക്കുക, അധിക വരുമാനം ഉറപ്പാക്കുക, എക്കോളജിക്കൽ എഞ്ചിനീയറിംഗ് പ്രോത്സാഹിപ്പിക്കുക, ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുഷ്പകൃഷി ചെയ്യുക എന്നീ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ബന്ദിപ്പൂ തൈകൾ യൂണിറ്റിന് ₹5 നിരക്കിൽ 18,200 യൂണിറ്റ് തൈകൾ വാങ്ങിയ ഇനത്തിൽ വൈക്കം, ഉല്ലലയിൽ പ്രവർത്തിക്കുന്ന ഗുരുകൃപ ഹോർട്ടിക്കൾച്ചറൽ നേഴ്സറിക്ക് ₹91,000(₹40000+₹51,000) നല്കിയിട്ടുണ്ട്. കൂടാതെ ₹9,000 29/06/2024ൽ തൃക്കൊടിത്താനം കൃഷിഭവനിൽ വച്ച് വിവിധ ഗ്രൂപ്പുകളിൽ ഉൾപ്പെട്ട 62 കർഷകർക്ക് പരിശീലനം നല്കിയതിന് ചെലവായിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

എ) വാകത്താനം കൃഷിഭവന്റെ ലിസ്റ്റിൽ 3 കർഷകർ/ഗ്രൂപ്പുകൾ 3200യൂണിറ്റ് ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. ലിസ്റ്റ് പ്രകാരം ശ്രീമതി ഓമന ഐസക് എന്ന കർഷക ബന്ദിപ്പൂ തൈകൾ 600 യൂണിറ്റ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൾ ഉൾപ്പെടുന്ന വനിതഗ്രൂപ്പിന്റെ വിവരങ്ങളോ, അപേക്ഷയും അനുബന്ധരേഖകളോ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

ബി) തൃക്കൊടിത്താനം കൃഷിഭവന് കീഴിൽ 8 ഗ്രൂപ്പുകൾ ആകെ 4300 യൂണിറ്റ് ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ഗ്രൂപ്പുകളുടെ അപേക്ഷയിൽ കൃഷിചെലവുകളുടെ വിവരണം, സൈറ്റ് പരിശോധിച്ച് കൈപ്പറ്റിയ എണ്ണം ബന്ദിപ്പൂ തൈകൾ കൃഷി ചെയ്തിട്ടുണ്ട് എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

സി) പായിപ്പാട് കൃഷിഭവന്റെ ലിസ്റ്റിൽ 3 ഗ്രൂപ്പുകൾ ആകെ 1750 ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ഗ്രൂപ്പുകളുടെ അപേക്ഷയോടൊപ്പം ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ, പാട്ട ഉടമ്പടി തുടങ്ങിയ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷയിൽ കൃഷിചെലവുകളുടെ വിവരണവും, സൈറ്റ് പരിശോധിച്ച് കൈപ്പറ്റിയ എണ്ണം ബന്ദിപ്പൂ തൈകൾ കൃഷി ചെയ്തിട്ടുണ്ട് എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല.

**ഡി) വിവിധ പഞ്ചായത്തിലെ കൃഷിഭവനു കീഴിലെ ഗ്രൂപ്പുകൾ കൈപ്പറ്റിയ ബന്ദിപ്പൂ തൈകളുടെ ആകെ എണ്ണം ചുവടെ ചേർക്കുന്നു.**

| ക്രമനമ്പർ | കൃഷി ഭവന്റെ പേര് | ഗ്രൂപ്പുകളുടെ എണ്ണം | ഗ്രൂപ്പുകൾ കൈപ്പറ്റിയ ബന്ദിപ്പൂ തൈകളുടെ എണ്ണം |
|---|---|---|---|
| 1 | വാകത്താനം | 3 | 3200 |
| 2 | മാടപ്പള്ളി | 3 | 4700 |
| 3 | തൃക്കൊടിത്താനം | 8 | 4300 |
| 4 | വാഴപ്പള്ളി | 4 | 1500 |
| 5 | പായിപ്പാട് | 3 | 1750 |
| ആകെ | | 21 | 15,450 |

ആകെ 18200 യൂണിറ്റ് ബന്ദിപ്പൂ തൈകൾ വാങ്ങിയതിൽ വിതരണം നടത്തിയത് 15,450 യൂണിറ്റുകളാണ്. 2750 യൂണിറ്റുകൾ വിതരണം നടത്തിയതായി ഫയലിൽ കാണുന്നില്ല.

ഇ) ഗ്രൂപ്പുകളുടെ ബന്ദിപ്പൂ വിളവെടുപ്പ് സംബന്ധിച്ച രേഖകളും, ഓണത്തിന് ആവശ്യമായ പൂക്കൾക്ക് സ്വയം പര്യാപ്തത കൈവരിക്കുക, അധിക വരുമാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിച്ചതായുള്ള രേഖകളും പരിശോധനയ്ക്കായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പിലും ഫയൽ കൈകാര്യം ചെയ്തതിലും മേൽ സൂചിത അപാകതകൾ സംഭവിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണകുറിപ്പ്(നം.05/26.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഫയലിലെ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഹാജരാക്കേണ്ടതും പ്രസ്തുത പ്രോജക്ട് പ്രകാരം ബന്ദിപ്പൂക്കളുടെ വിളവെടുപ്പിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ

ലഭ്യമാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത 2750 യൂണിറ്റ് ബന്ദിപ്പൂ തൈകളുടെ വിലയായ ₹13,750 ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക ₹86,250/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ- വിതരണവിവരങ്ങൾ ഇല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0115/25, വാകത്താനം ഗ്രാമ പഞ്ചായത്തിലെ 16, 17 വാർഡുകളിലെ പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ(സ്പിൽ ഓവർ) |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ -കൃഷി |
| അടങ്കൽ | ₹2,50,750/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹2,49,250/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 19/09.05.2024/₹2,49,250 |

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട് പ്രകാരം വാകത്താനം പഞ്ചായത്തിലെ 16, 17 വാർഡുകളിലെ പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് തുക ചെലവഴിച്ചിരുന്നു. ഇൻവോയിസ് നം KTM/1866 /2023-2024, തീയതി.22.03.2024 പ്രകാരം 20എച്ച്.പി.യുടെ ഒരു മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതായുള്ള രേഖകൾ ഫയലിൽ ഇല്ല. കൂടാതെ പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ(Vol. V) പരിശോധിച്ചതിൽ പേജ് നമ്പർ 54 ൽ ഇൻവോയിസ് നമ്പർ, തീയതി, പമ്പ് സെറ്റ് -1 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇൻവോയിസ് പ്രകാരമുള്ള പമ്പ് സെറ്റിന്റെ വിശദാംശങ്ങൾ, പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പാടശേഖരസമിതിയുമായി പമ്പ് സെറ്റിന്റെ കൈമാറ്റവ്യവസ്ഥകൾ സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയോ പാടശേഖരസമിതി പമ്പ് സെറ്റ് കൈപ്പറ്റിയതായുള്ള രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരാകുകയോ, മോട്ടോറും അനുബന്ധ ഉപകരണങ്ങളും എപ്രകാരം സൂക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ പമ്പ് സെറ്റുകളുടെ ഭൗതിക പരിശോധന നടത്താനും കഴിഞ്ഞിട്ടില്ല.

പമ്പ് സെറ്റുകളുടെ നിലവിലെ അവസ്ഥ, വിതരണവിവരങ്ങൾ എന്നിവ അറിയിക്കുന്നതോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവയിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുന്നതിനുള്ള വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.15/29.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,49,250 രൂപ ചെലവഴിച്ച് കാർഷിക മേഖലയുടെ വികസനത്തിന് വാങ്ങിയ മോട്ടോറും അനുബന്ധ ഉപകരണങ്ങളും കൈപ്പറ്റിയത് ഭൗതികമായി പരിശോധിച്ച് ബോധ്യപ്പെടുവാൻ സാധിക്കാത്ത സാഹചര്യത്തിലും അവയുടെ കൈമാറ്റ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും ചെലവുതുകയായ 249250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വ്യക്തമായ രേഖകൾ ഇല്ലാതെ ചെലവഴിച്ച 249250/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 ഭക്ഷ്യസംസ്കരണയൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നിയമാനുസൃതമല്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സറ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. പേര് | 112/25, ബ്ലോക്ക് പഞ്ചായത്ത് ഇൻകിബേഷൻ ഫെസിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ ഫണ്ടിനം | 50,000/- വികസനഫണ്ട് |
| ബിൽ നം./തീയതി | 26/09.05.24 |

മാടപ്പള്ളി ബ്ലോക്ക് വനിത ഫുഡ് പ്രോസസിംഗ് ഐസിഎസ് ലിമിറ്റഡ് എസ് ഇൻഡ്(കെ)342 എന്ന 10 അംഗ വനിതാ സ്വയംസഹായ സംഘത്തിന് 2023-24 വർഷം റിവോൾവിംഗ് ഫണ്ടായി 1,50,000/- രൂപയും, 2024-25 വർഷം 50,000/- രൂപയുമുൾപ്പടെ ആകെ 200000/- രൂപ നല്കിയിട്ടുണ്ട് . ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് വനിത ഗ്രൂപ്പുകൾക്ക് അടങ്കലിന്റെ 50% എന്ന പരിധിക്ക് വിധേയമായി 1.5 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കാമെങ്കിലും തുടർ പ്രവർത്തനങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദനീയമല്ല. യൂണിറ്റിനാവശ്യമായ കെട്ടിടം മെഷിനറി അടക്കം അടിസ്ഥാന സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതിനാൽ യൂണിറ്റിന് അധികമായി സബ്സിഡിയോ, റിവോൾവിംഗ് ഫണ്ടോ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

നിയമാനുസൃതമല്ലാതെ 2 ലക്ഷം രൂപ (തൻവർഷം 50,000/- രൂപ) റിവോൾവിംഗ് ഫണ്ട്

അനുവദിച്ചതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി(നം.1/25.10.25) നൽകിയിരുന്നു. ധനസഹായമായി നൽകിയ 2 ലക്ഷം രൂപയിൽ ചെലവഴിയ്ക്കാതെ അവശേഷിച്ച 1 ലക്ഷം രൂപയും പലിശയും സഹിതം 106266/- രൂപ കറുകച്ചാൽ ട്രഷറിയിൽ 21.10.25ൽ KL030654618202526Mനമ്പർ ചെലാൻ പ്രകാരം അടവാക്കിയതായി അറിയിച്ചു. ബാക്കി തുക തിരിച്ചടക്കുന്നതുമായി ബന്ധപ്പെട്ട് കാലാവധി തരണമെന്ന് സംഘം അപേക്ഷിച്ചിട്ടുണ്ടെന്നും, ആയതിൽ തീരുമാനം വരുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 1 ലക്ഷം രൂപ തിരികെ ഈടാക്കി സർക്കാരിൽ അടവാക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച് 50,000/- രൂപ നിരാകരിക്കുന്നു.

**1-19 കുടിവെള്ള പദ്ധതിക്കുള്ള കുഴൽക്കിണർ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുക നിക്ഷേപിച്ചില്ല**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വിവിധ കുടിവെള്ള പദ്ധതികൾക്ക് കുഴൽക്കിണറുകൾ നിർമ്മിക്കാനുള്ള പദ്ധതിയിൽ 2024-25 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച രണ്ട് പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പിൽ(GWD) 33.55 ലക്ഷം രൂപ നിക്ഷേപിച്ചു. പ്രസ്തുത പ്രവൃത്തികൾക്ക് ഭൂജല വകുപ്പ് അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിലെ തുകയിൽ നിന്നും കുറവായ തുകയാണ് ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപം നടത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് പ്രോജക്ട് വിശദാംശം | അടങ്കൽ/ചെലവ്/ ഫണ്ടിനം/ ബിൽ വിശദാംശം | എസ്റ്റിമേറ്റ് നം/തീയതി എസ്റ്റിമേറ്റ് തുക |
|---|---|---|
| 78/25 – മാടപ്പള്ളി ബ്ലോക്ക് വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതി തുക നിക്ഷേപിക്കൽ (16 കുഴൽക്കിണറുകൾ) 110mm Diameter * 110 M Depth | 1,255,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) ബിൽ നം.565/25-03-2025 ബിൽ തുക 1,255,000/- രൂപ | GWK/470/2025 തീയതി 25-03-2025 തുക – 1,280,000/- (16 Locations X 80000) |
| 127/25 – മാടപ്പള്ളി ബ്ലോക്ക് വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതിക്ക് ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കൽ (30 കുഴൽക്കിണറുകൾ) | 2,100,200/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) ബിൽ നം.423/21-01-2025 ബിൽ തുക 2,100,200/- രൂപ | GWK/470/2025 തീയതി 13-03-2024 തുക – 3,465,973/- (30 Locations) |
| ആകെ 46 കുഴൽക്കിണർ | നിക്ഷേപം - 3,355,200/- | എസ്റ്റിമേറ്റ്- 4,745,973/- |

വാഴപ്പള്ളി, തൃക്കൊടിത്താനം, പായിപ്പാട്, മാടപ്പള്ളി, വാകത്താനം എന്നീ 5 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഭൂപ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള പ്രവൃത്തികൾക്ക് തുക നിക്ഷേപിക്കുന്നതിന്റെ പ്രവൃത്തി നടക്കുന്ന സ്ഥല വിശദാംശം Advance Register ൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നു. മുൻ വർഷങ്ങളിലെ ഉൾപ്പടെയുള്ള നിക്ഷേപ പ്രവൃത്തി വിവരങ്ങൾ സമഗ്രമായി ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. കൂടാതെ എസ്റ്റിമേറ്റ് തുകയിൽ കുറവായ തുക നിക്ഷേപിക്കുന്നത് പ്രോജക്ടിന്റെ നടത്തിപ്പിനെയും ലക്ഷ്യപ്രാപ്തിയെയും ബാധിക്കുന്നതും ഗുണഭോക്താക്കൾക്ക് പൂർണ്ണമായ പ്രയോജനം ലഭിക്കാതെ വരികയും ചെയ്യും. നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച് നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2024-25/25-10-2025) നൽകിയതിന് മറുപടി ലഭ്യമാക്കി. എസ്റ്റിമേറ്റ് തുക നിക്ഷേപിക്കാൻ സാധിക്കാത്തത് ഫണ്ട് അപര്യാപ്തത മൂലമാണ് എന്നും നിക്ഷേപ തുകയ്ക്കുള്ള

പ്രവൃത്തിക്ക് മുൻഗണന നിശ്ചയിച്ചതായും പ്രവൃത്തികളുടെ വിവരം രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുമെന്നും അറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കുഴൽക്കിണർ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയുടെയും പ്രവൃത്തി നടക്കുന്ന സ്ഥല വിവരം ഉൾപ്പടെ കൃത്യമായ ഡേറ്റ അഡ്വാൻസ് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്. കുഴൽക്കിണർ പ്രവൃത്തി പൂർത്തിയാക്കി ജല ലഭ്യത ഉറപ്പാക്കിയതിന്റെ വിവരവും ചെയ്ത പ്രവൃത്തികളുടെ ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുന്ന ധന വിനിയോഗ വിവരങ്ങളും ലഭ്യമാക്കുന്നതു വരെ തൻവർഷത്തെ 3,355,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുമ്പോൾ സ്റ്റോക്ക് നമ്പർ പതിക്കുന്നില്ല**

ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ അനുബന്ധ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുമ്പോൾ ഫർണ്ണിച്ചറിൽ സ്റ്റോക്ക് നമ്പർ പതിക്കുന്നില്ല. നൽകുന്ന ഉപകരണത്തിലും ഫർണ്ണിച്ചറിലും സ്റ്റോക്ക് നമ്പരും വാങ്ങിയ വർഷവും സ്ഥിരമായി നിലനിൽക്കുന്ന വിധത്തിൽ പതിച്ചാൽ മാത്രമേ അവയുടെ വിനിയോഗം കൃത്യമാക്കാനും സ്ഥാപനങ്ങളിലെ ഫർണ്ണിച്ചർ നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാനും സാധിക്കൂ. തൻവർഷം ബ്ലോക്ക് സെക്രട്ടറി നിർവ്വഹിച്ച 4 പ്രോജക്ടുകളിൽ AK Steels-തൃക്കൊടിത്താനം എന്ന ഏജൻസിയിൽ നിന്നും Almana Trading Company യിൽ നിന്നും ആകെ 5.41 ലക്ഷം രൂപയുടെ ഫർണ്ണിച്ചർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോക്ക്, വിതരണ വിവരം Local Purchase Register ൽ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തത്.

| പ്രോജക്ട്/ഫണ്ടിനം/ ചെലവ് ബിൽ/തുക | വാങ്ങിയ ഫർണ്ണിച്ചർ ഇനം/ എണ്ണം | ഇൻവോയ്സ് നം./തീയതി | കൈപ്പറ്റിയ സ്ഥാപനം (Local Purchase Register പ്രകാരം ) |
|---|---|---|---|
| 191/25<br>വികസന ഫണ്ട്(TSP)<br>ബിൽ 542/21-03-2025<br>58,000/- രൂപ | സ്റ്റീൽ അലമാര(78*36*19) – 3<br>High Back Chair – 2<br>4*2 Table – 2<br>Plastic Chair - 2 | AK Steels<br>B742/21-03-2025<br>58,000/- രൂപ | പേരുകുന്ന് പട്ടികവർഗ്ഗ സാംസ്കാരിക കേന്ദ്രം, വാകത്താനം ഗ്രാമപഞ്ചായത്ത് |
| 81/25<br>വികസന ഫണ്ട്(SCP)<br>ബിൽ 538/21-03-2025<br>149,920/- രൂപ | Plastic Chair(Red) – 172<br>Armed Chair(Brown) – 40<br>Auditorium Table – 10<br>Speech Stand – 1<br>Teepo – 1 | AK Steels<br>B740/20-03-2025<br>149,920/- രൂപ | ചെമ്പുംപുറം എസ്.സി. സാംസ്കാരിക കേന്ദ്രം, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |
| 33/25<br>വികസന ഫണ്ട്<br>ബിൽ 539/21-03-2025<br>70,825/- രൂപ | സ്റ്റീൽ അലമാര(78*36*19)<br>Medium – 4<br>Office Chair – 1<br>Office Table – 1<br>Chair – 19<br>Plastic Chair – 30 | AK Steels<br>B739/20-03-2025<br>70,825/- രൂപ | തൃക്കൊടിത്താനം പബ്ളിക് ലൈബ്രറി, കൽപന പബ്ലിക് ലൈബ്രറി, മാടപ്പള്ളി |
| 99/25<br>വികസന ഫണ്ട്<br>ബിൽ 195/09-05-2024<br>143,366/- രൂപ<br>ബിൽ<br>194/09-05-2024(64400)<br>193/09-05-2024(54200) | Plastic Chair Armed – 119<br>Plastic Chair – 117<br>Office Table – 3<br>Office Chair – 2<br>Computer Table – 2<br>Glass Door Almara- 11 | AK Steels<br>B803/23-03-2024<br>143,366/- രൂപ<br><br>Almana Trading Company – 118,600/- | 11 ലൈബ്രറികൾക്ക് ആകെ 261,966/- രൂപയുടെ ഫർണ്ണിച്ചർ |

തൻവർഷ പദ്ധതിയിലെ പ്രോജക്ടായ ചെമ്പുംപുറം എസ്.സി. സാംസ്കാരിക കേന്ദ്രത്തിലെ ഫർണ്ണിച്ചർ വാങ്ങൽ 29-10-2025 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ഫർണ്ണിച്ചർ സ്റ്റോക്ക് നമ്പർ പതിക്കാതെയാണ് വിതരണം ചെയ്തത് എന്ന് ബോധ്യപ്പെട്ടു. ഉപകരണങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ സ്റ്റോക്ക് നമ്പരും വർഷവും സ്ഥിരമായി നിലനിൽക്കുന്ന രീതിയിൽ പതിക്കാതിരിക്കുന്നത് ഏത് കാലയളവിൽ ലഭിച്ചവയാണ് എന്നും ഫർണ്ണിച്ചർ എണ്ണത്തിന്റെയും

ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ഹാർഡ്‌വെയറുകൾക്ക് ഓരോ ഇനത്തിനും ഏകീകൃത സ്റ്റോക്ക് നമ്പരുകൾ നൽകിയിട്ടില്ല എന്നാണ് പരിശോധനയിൽ ബോധ്യമാകുന്നത്.

മേൽ വിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2024-25/29-10-2025) നൽകിയതിന് ഫർണ്ണിച്ചറുകളിൽ സ്റ്റോക്ക് നമ്പർ പതിക്കുമെന്ന മറുപടി ലഭ്യമായി. തൻവർഷത്തേത് ഉൾപ്പടെയുള്ള ഫർണ്ണിച്ചർ സ്റ്റോക്ക് നമ്പർ സ്ഥിരമായി പതിപ്പിച്ച് സൂക്ഷിക്കേണ്ടതും നമ്പരിങ്ങ് പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഹാർഡ്‌വെയർ സ്റ്റോക്കിന്റെ ഡേറ്റാബേസ് തുടർ വർഷം മുതൽ K-SMART സോഫ്റ്റ്‌വെയറിൽ ഓൺലൈനായി സൂക്ഷിക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ നിക്ഷേപ പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും നിരീക്ഷിക്കുന്നില്ല

2024-25 വർഷം ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/വാർഡ്, തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതായിരുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തേതും മുൻ വർഷങ്ങളിലേതും ഉൾപ്പടെ ധാരാളം പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതായും ധനകാര്യ പത്രികയിൽ കാണുന്നു. തുക നിക്ഷേപിച്ച ശേഷം നിക്ഷേപ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സമഗ്രമായി സൂക്ഷിക്കുകയോ ഫീൽഡ് പരിശോധന നടത്തി പ്രവൃത്തികളുടെ പുരോഗതി വിവരം സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തൻവർഷ നിക്ഷേപ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ ലൊക്കേഷൻ | ചെലവ് വിശദാംശം | നിക്ഷേപ തുക |
|---|---|---|---|---|
| 1 | 34/25 | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ് - 11,12,14,15 | 518/17-03-2025 വികസന ഫണ്ട്(ജനറൽ) | 498,518/- |
| 2 | 88/25 | പായിപ്പാട് ഗ്രാമപഞ്ചായത്ത് വാർഡ്- 1,2 | 354/16-12-2024 വികസന ഫണ്ട്(ജനറൽ) | 282,743/- |
| 3 | 120/25 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ്- 11 & 12 | 364/18-12-2024 വികസന ഫണ്ട്(ജനറൽ) | 250,000/- |
| 4 | 80/25 | വാകത്താനം ഗ്രാമപഞ്ചായത്ത് വാർഡ്- 7 & 8 തോട്ടയാക്കാട് ഡിവിഷൻ | 325/29-11-2024 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (4.5 ലക്ഷം) 327/02-12-2024 തനത് ഫണ്ട് (38,561/- രൂപ) | 488,561/- |
| 5 | 47/25 | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ്- 3,7,5,1 | 318/23-11-2024 (374103) 504/14-03-2025(159957) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 534,060/- |
| | 2024-25 വർഷം KSEB Ltd. ൽ നിക്ഷേപിച്ച തുക | | | 2,053,882/- |

പ്രോജക്ട് നം.120/25 പ്രകാരം 2.5 ലക്ഷം രൂപ നിക്ഷേപിച്ചത് 5 ലക്ഷം രൂപ എസ്റ്റിമേറ്റ് നൽകിയ പ്രവൃത്തിക്കാണ്. എസ്റ്റിമേറ്റ് തുക നിക്ഷേപിക്കാതിരിക്കുന്നതും പ്രവൃത്തിയുടെ നിർവ്വഹണത്തെ ബാധിക്കും. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണവും പൂർത്തീകരണവും നിരീക്ഷിക്കാതെയും

പ്രവൃത്തികളുടെ കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കാതെയും തുടരുന്ന അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2024-25/29-10-2025) നൽകിയതിന് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ KSEB ജീവനക്കാർ പരിശോധിച്ച് തയ്യാറാക്കിയതാണ് എന്നും ഫണ്ട് ലഭ്യതയനുസരിച്ച് നിക്ഷേപം നടത്തിയതാണ് എന്നും പ്രവൃത്തികളുടെ വിവരം നിരീക്ഷിക്കുന്നതിന് ഡേറ്റാബേസ് തയ്യാറാക്കി പ്രവൃത്തികളുടെ വിവരങ്ങൾ സൂക്ഷിക്കുമെന്നും മറുപടിയായി അറിയിച്ചു. എസ്റ്റിമേറ്റ് തുകകളെക്കാൾ കുറഞ്ഞ തുകകൾ നിക്ഷേപിക്കുന്നതുമൂലം പ്രോജക്ട് യഥാസമയം പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്നതുമൂലവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരുന്നതുമൂലവും ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

കെ.എസ്.ഇ.ബി. വഴിയുള്ള നിക്ഷേപ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും 01-04-2024 ലെ മുന്നിരിപ്പ് ഉൾപ്പടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണം നിരീക്ഷിക്കേണ്ടതും ധന വിനിയോഗ വിവരം അറിയിക്കേണ്ടതുമാണ്. മേൽ പ്രവൃത്തികൾ സർക്കാർ നിർദ്ദേശ പ്രകാരമുള്ള സമയ പരിധിയിൽ പൂർത്തിയാക്കി വിശദാംശം അറിയിക്കുന്നതു വരെ തൻവർഷത്തെ പ്രോജക്ടുകളുടെ 2,053,882/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 പഠനമുറി നിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

| പ്രോജക്ട് നം./പേര് | S0046/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | S0092/25 |
|---|---|---|
| ചെലവഴിച്ച തുക, ഫണ്ടിനം | 880000 | 1970000 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസനഓഫീസർ | ” |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21.09.23-ലെ ജി.ഒ(ആർടി) 1877/23 നമ്പർ ഉത്തരവ് അനുസരിച്ച്, പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് 200000 രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്മേൽ 4 ഗഡുക്കളായി (30000 രൂപ+60000 രൂപ+80000 രൂപ+30000 രൂപ) അനുവദിക്കാവുന്നതാണ്. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പരാമർശിത പ്രോജക്ടുകൾ പ്രകാരം തൻവർഷം 5 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-24ൽ പഠനമുറി നിർമ്മാണം ആരംഭിച്ച 20 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ, ധനസഹായ വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താക്കളിൽ ധനസഹായ ഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്ന വ്യക്തികൾ നിർമാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമനം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1. | അശ്വതി മനോജ് ചെത്തിപ്പുഴ മാമ്മൂട് | 170,000 |
| 2. | അശ്വിൻ പി ബി പാറയിൽപുരയിടം തുരുത്തി പി ഒ | 170000 |
| 3. | സുജിത്ത് കെ ആർ കുന്നുംപുറത്ത് പിസികവല പി ഒ പായിപ്പാട് | 170000 |
| 4. | അഭിജിത്ത് സുരേഷ് മുളമൂട്ടിൽ മാടപ്പള്ളി | 170000 |
| 5. | നിവേദ്യ ഗോപിക്കുട്ടൻ പാറയിൽ വെരൂർപി ഒ | 170000 |

| | | |
|---|---|---|
| | വടക്കേക്കര | |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളപക്ഷം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/ 30.10.25) മറുപടി ഹാജരാക്കിയില്ല. പഠനമുറി നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പഠനമുറി നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കുന്നതുവരെ ചെലവഴിച്ച് 850000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 1.97 ലക്ഷം രൂപയുടെ മരുന്നുകൾ സി.എച്ച്.സി.-ക്ക് ലഭ്യമായില്ല

| | | |
|---|---|---|
| പ്രോജക്ട് | 24/25-സി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ | 20/25-സെക്കന്ററി പാലിയേറ്റീവ് |
| അടങ്കൽ | 1,987,600/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) – | 14.6 ലക്ഷം വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 1,364,043/- | 14.6 ലക്ഷം |
| നിരവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, വാകത്താനം സി.എച്ച്. സി. | |
| മരുന്ന് സപ്ലൈ ഏജൻസി | Kerala Medical Service Corporaion Ltd.(KMSCL) | |

മേൽ പ്രോജക്ടുകളിൽ സി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങലിനായി KMSCL-ന്റെ പെർഫോമ ഇൻവോയ്സുകൾ പ്രകാരം തുക നിക്ഷേപിച്ചിരുന്നു. എന്നാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതായി പ്രോജക്ട് ഫയലിൽ രേഖകളില്ല.

| ക്രമ നം. | പെർഫോമ ഇൻവോയ്സ് | ചെലവ് ബിൽ നം./തീയതി | ഒടുക്കിയ തുക | 10/2025 വരെ ലഭ്യമായത് | ലഭ്യമാകാൻ ബാക്കി |
|---|---|---|---|---|---|
| 1. | PRF1806/30-10-2024 | 361/17-12-2024 | 520,044/- | 374,336/- | 145,708/- |
| 2. | PRF2534/18-12-2024 | 370/20-12-2024 | 171,807/- | 167,820/- | 3,987/- |
| 3. | PRF2950/16-01-2025 | 461/06-03-2025 | 191,111/- | 185,164/- | 5,947/- |
| 4. | PRF3711/18-02-2025 | 462/06-03-2025 | 177,774/- | 163,492/- | 14,282/- |
| 5. | PRF3852/25-02-2025 | 463/06-03-2025 | 100,000/- | 72,261/- | 27,739/- |
| 6. | PRF4090/07-03-2025 | 484/10-03-2025 | 86,128/- | 86,128/- | 0 |
| 7. | PRF4522/19-03-2025 | 549/24-03-2025 | 23,520/- | 23,520/- | 0 |
| 2024-25 ൽ KMSCL-ൽ നിക്ഷേപിച്ച തുക | | | **1,270,384/-** | **1,072,721/-** | **197,663/-** |

മേൽ പട്ടികയിലെ ക്രമനം.1 ബിൽ തുക മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടും (പ്രോജക്ട് 24/25) ക്രമ നം.2 മുതൽ 7 വരെ വികസന ഫണ്ടുമാണ് (പ്രോജക്ട് 20/25) ചെലവഴിച്ചത്. KMSCL ൽ നിന്നും മരുന്ന് ലഭ്യമായിട്ടുണ്ട് എങ്കിൽ മെഡിക്കൽ ഓഫീസർ സ്റ്റോക്ക് സാക്ഷ്യപ്പെടുത്തിയ ടാക്സ് ഇൻവോയ്സ് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2024-25/29-10-2025) നൽകിയതിന് മറുപടിയിൽ ഒക്ടോബർ-2025 വരെ ലഭ്യമായി സ്റ്റോക്കിലെടുത്ത മരുന്നുകളുടെ വിവരങ്ങൾ ഹാജരാക്കി. ഓരോ പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമാകുമ്പോഴും പ്രോഗ്രസീവായി സ്റ്റോക്കിൽ ചേർത്ത് ഫയൽ സൂക്ഷിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായ ശേഷം സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സുകൾ പ്രോജക്ട് ഫയലിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത ശേഷം ഇൻവോയ്സ് പകർപ്പ് ഉൾപ്പെടെ വിശദാംശം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കുന്നതു വരെ മേൽ പ്രോജക്ടുകളിലെ 197,663/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 എയിഡഡ് സ്കൂളുകളിൽ ടോയ് ലറ്റ് നിർമ്മാണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

| പ്രോജക്ട് നം./പേര് | അടങ്കൽ ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|
| 164/25, അമര പി.ആർ.ഡി.എസ് | 4,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 5,05,933/- | 313/12.03.25 -257843/- രൂപ<br>377/26.03.25 -142157/- |

| | | | |
|---|---|---|---|
| സ്ക്കൂളിന് ടോയ്ലറ്റ് നിർമ്മാണം | 1,50,000/-, തനത് ഫണ്ട് ആകെ 5,50,000/- | | രൂപ 380/26.03.25 – 105933/- |
| 166/25, സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | 9,15,,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 1,10,000/-, തനത് ഫണ്ട് ആകെ 10,25,000/- | 8,80,571/- | 145/07.12.24–152191/– 191/23.12.24 – 226968/ - 378/26.03.25 – 501412/- |

അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി എയിഡഡ് സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണത്തിനായി 2024-25 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. (വെറ്റിംഗ് ഓഫീസർ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ)

ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതു-മേഖലാപരമായ ചുമതലകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പിനു കീഴിലുള്ള 4-ാം പട്ടികയിൽ വിവരിക്കുന്നുണ്ട്. ഇതനുസരിച്ച്, വിദ്യാഭ്യാസമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് നിർവഹിക്കേണ്ടത് സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല മാത്രമാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനം ഗ്രാമ-ജില്ലാ പഞ്ചായത്തുകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എല്ലാ സർക്കാർ സ്ക്കൂളുകളിലും കുടിവെള്ള -ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്ക്കൂളുകളിലും ഇത്തരം സൗകര്യം ഏർപ്പെടുത്താവുന്നതാണെങ്കിലും (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.04.2022-ലെ ജി.ഒ(എംഎസ്) 82/2022 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖയുടെ ഖണ്ഡിക 8.6.11കാണുക) ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ സ്കൂളുകളുടെ ചുമതലയില്ലാത്തതിനാൽ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കേണ്ട അനിവാര്യത ഇല്ലാത്തതാണ്. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലുള്ള സർക്കാർ സ്കൂളുകളിൽ എല്ലായിടത്തും പ്രസ്തുത സൗകര്യം ഒരുക്കിയതായിട്ടുള്ള സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുമില്ല.ആകയാൽ സെന്റ്സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ, മാമ്മൂട്, അമര പി.ആർ.ഡി.എസ്. യു.പി.സ്കൂൾ എന്നിവിടങ്ങളിൽ ടോയ്ലറ്റ് നിർമിക്കുന്ന പ്രോജക്ടിന്റെ നിർവഹണ ചുമതല ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത നടപടി പഞ്ചായത്ത് രാജ് നിയമത്തിനും പദ്ധതി ആസൂത്രണ മാർഗരേഖയ്ക്കും അനുസൃതമല്ല. പ്രവർത്തനഫണ്ടായി വകയിരുത്തിയ ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്ന് സെന്റ്സെബാസ്റ്റ്യൻസ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണത്തിനായി 880571/- രൂപയും(ബിൽ നം.145/7.12.24-152191,191 /23.12.24-226968,378/26.3.25) 501412/- അമര പി.ആർ.ഡി.എസ്. യു.പി.സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണത്തിനായി 505933 രൂപയും(ബിൽ നം.313/12.3.25-257843 ,377/26.3.25-142157, 380/26.3.25 -105933) ഉൾപ്പടെ ആകെ 1386504/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിയമ വ്യവസ്ഥകൾ ലംഘിച്ച് തുക വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ഇപ്രകാരം നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രോജക്ട് ആവിഷ്ക്കരിക്കപ്പെടുന്നതും അവയ്ക്ക് അംഗീകാരം നൽകി നടപ്പാക്കുന്നതും അർഹമായ മറ്റു മേഖലകൾക്ക് ലഭിക്കേണ്ട ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും വെറ്റിംഗ് ഓഫീസറും ഇത്തരം വീഴ്ചകൾക്ക് ഉത്തരവാദിയാണ്. ആയതിനാൽ ടി പ്രോജക്ട് പ്രകാരമുള്ള 1386504/- രൂപയുടെ ചെലവിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാക്കാത്ത പക്ഷം 1386504/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വെറ്റിംഗ് ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-25 ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നു**

തോട് സംരക്ഷണ ഭിത്തി കെട്ടുന്നതിന്റെ ഭാഗമായി 2024-25 വർഷം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത രണ്ട് പ്രവൃത്തികളാണ് കണിച്ചുകുളം നാലുന്നാക്കൽ തോട് മാലിന്യനിർമ്മാർജ്ജനവും സംരക്ഷണവും നവീകരണവും(നം.S0053/25) പാലമറ്റം നാലുന്നാക്കൽ പുതുനിലം ഭാഗം മാലിന്യനിർമ്മാർജ്ജനവും സംരക്ഷണവും നവീകരണവും(S0052/25) പ്രസ്തുത പ്രവൃത്തികളിൽ ഒരേ ഇനത്തിന് വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ ഉപയോഗിച്ചിരിക്കുന്നതായി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/.പേര് | ഉപയോഗിച്ച സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|
| കണിച്ചുകുളം നാലുന്നാക്കൽ തോട് മാലിന്യനിർമ്മാർജ്ജനവും | 11.9 Supplying,fitting And Placing MS Bar Reinforcement In Foundation Complete As Per | @86799.29/ Tonne |

| | | |
|---|---|---|
| സംരക്ഷണവും നവീകരണവുംനംS0053/25 | Drawings And Technical Specifications Clauses 1000 And 1202 | |
| പാലമറ്റം നാലുന്നാക്കൽ പുതുനിലം ഭാഗം മാലിന്യനിർമ്മാർജ്ജനവും സംരക്ഷണവും നവീകരണവുംS0052/25 | 11.8Supplying,fitting And Placing TMT Bar Reinforcement In Foundation Complete As Per Drawings And Technical Specifications Clauses 1000 And 1202 | @88532.76/ Tonne |

ഒരു പ്രവൃത്തിയ്ക്ക് Msbar ഉം ,മറ്റൊന്നിന് TMTbar ഉം ഉപയോഗിച്ചതിനാൽ നിരക്കിൽ 1733.47/- രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.ഇപ്രകാരം ഒരേ ഇനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത സ്പെസിഫിക്കേഷൻ ഉപയോഗിക്കാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(8/27.10.25) മറുപടി ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-26 PMAY ഭവന നിർമ്മാണ പദ്ധതി അവലോകനം**

ബ്ലോക്ക് പഞ്ചായത്തിന്റെ PMAY ഭവന പദ്ധതിയിൽ 2024-25 വർഷം 2 പ്രോജക്ടുകൾ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്. 101 ഗുണഭോക്താക്കളാണ് തൻവർഷം PMAY ഭവന നിർമ്മാണത്തിന് കരാർ ചമച്ചത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വിഭാഗം | ചെലവ് വിശദാംശം | 2024-25 ൽ കരാർ ചമച്ച ഗുണഭോക്താക്കൾ |
|---|---|---|---|
| 9/25 | പൊതുവിഭാഗം (General) | വികസന ഫണ്ട് - 3,584,000/- PMAY Central Share – 4,104,000/- ഗ്രാമ പഞ്ചായത്ത് – 2,450,000/- ജില്ല പഞ്ചായത്ത് – 2,548,000/- ആകെ – 12,686,000/- | ആകെ 85 പേർ 78 പുരോഗതിയിൽ 7 മുൻകൂർ മാത്രം |
| 10/25 | പട്ടികജാതി (SC) | വികസന ഫണ്ട്(SCP) - 1,344,000/- PMAY Central Share – 768,000/- ഗ്രാമ പഞ്ചായത്ത് – 210,000/- ജില്ല പഞ്ചായത്ത് – 490,000/- ആകെ – 2,812,000/- | ആകെ 16 പേർ ഭവന നിർമ്മാണം പുരോഗതിയിൽ |

PMAY പദ്ധതിക്കായി പട്ടികജാതി, ജനറൽ വിഭാഗത്തിന് ആകെ 154.98 ലക്ഷം രൂപ ചെലവഴിച്ചു. PMAY Central Share 11.28 ലക്ഷം രൂപയുടെ ചെലവ് ബ്ലോക്ക് പഞ്ചായത്ത് ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാകാനുള്ളവരുടെ നിർമ്മാണ പ്രവൃത്തികൾ തുടർവർഷം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

PMAY Central Share 48,000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയ ശേഷം തുടർ ഗഡുക്കൾ വാങ്ങാതെ ഭവന നിർമ്മാണ പുരോഗതി ഇല്ലാത്ത 7 ജനറൽ വിഭാഗം ഗുണഭോക്താക്കളുടെ വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | PMAY Unique Identification No. | മുൻകൂർ കൈപ്പറ്റിയത് |
|---|---|---|---|
| 1. | ബിന്ദു ബിജു | KL147608919 | 16-01-2025 |
| 2. | മാത്യു ജോൺ | KL146834503 | 28-11-2024 |
| 3. | ശരത്ത് | KL144179894 | 09-12-2024 |
| 4. | ഷിബു മാത്യു | KL149794390 | 22-01-2025 |
| 5. | ജിമ്മിച്ചൻ | KL148532570 | 28-11-2024 |
| 6. | സരിത മോഹനൻ | KL145207928 | 09-12-2024 |
| 7. | മറിയം | KL150149542 | 16-01-2025 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം തുടരാൻ വേണ്ട ഇടപെടൽ ഭരണസമിതി തലത്തിൽ നടത്തേണ്ടതാണ്. മറ്റ് 94 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-27 ആരോഗ്യ ഗ്രാന്റ് - അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

<u>ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ</u>

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിന്

അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വാകത്താനം സി.എച്ച്.സി. മാത്രമാണുള്ളത്. 2024-25 വർഷമാണ് ആരോഗ്യ ഗ്രാന്റ് ആദ്യമായി ലഭ്യമായത്. സ്കീം-3 ഇനത്തിൽ 28.95 ലക്ഷം രൂപ മാർച്ച്-2025 ൽ ലഭ്യമായി. കാനറ ബാങ്ക് മാടപ്പള്ളി ശാഖയിലെ 110027154192 നം. അക്കൗണ്ടിലാണ് ആരോഗ്യ ഗ്രാന്റ് സൂക്ഷിച്ചിരിക്കുന്നത്. ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ പ്രോജക്ട് തുടർ വർഷം തയ്യാറാക്കി ഗ്രാന്റിന്റെ സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥ | | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | |
|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ (₹) | ചെലവ് (₹) |
| 1 | 131/2025, കേരശ്രീ പദ്ധതി(സ്പിൽ ഓവർ) | 14,790(മറ്റുള്ളവ) | 4070(മറ്റുള്ളവ) |
| 2 | 134/2025, വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷ തൈ വിതരണം(സ്പിൽ ഓവർ) | 16987(മറ്റുള്ളവ) | 16987(മറ്റുള്ളവ) |
| 3 | 133/2025, എ.ഡി.എ. ആഫീസിൽ ദൈനംദിന ചെലവ്(സ്പിൽ ഓവർ) | 4155(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 4155(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |

പ്രസ്തുത പ്രോജക്ട് ഫയലുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.19/29.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമനമ്പർ (1), (2), (3) സ്പിൽ ഓവർ പ്രോജക്ട് പ്രകാരമുള്ള ആകെ തുക ₹25212/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു
.

### 3-2 നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ - അധിക ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0075/25, നെൽകൃഷി ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ -കൃഷി |
| അടങ്കൽ | ₹6,98,620/- (വികസനഫണ്ട്-ജനറൽ)<br>₹2,18,750/-(മറ്റുള്ളവ – ഗുണഭോക്തൃവിഹിതം)<br>₹9,17,370/- (ആകെ) |
| ചെലവ് | ₹6,98,620/- (വികസനഫണ്ട്-ജനറൽ)<br>₹6,98,620/-(ആകെ) |
| ബിൽ നം./തീയതി/തുക | 1)286/07.03.2025/₹3,88,620<br>2)299/11.03.2025/₹3,10,000 |

നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുക, നെല്ലിന്റെ മേന്മ ഉറപ്പാക്കുക, സമയ ബന്ധിതമായി

വളപ്രയോഗം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥിരം നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ ഒരു ഹെക്ടറിൽ തളിക്കുന്നതിന് ₹2000 രൂപ പാടശേഖരങ്ങൾക്ക് സബ്സിഡിയായും ₹625 പാടശേഖരസമിതി നേരിട്ടും വഹിച്ചു കൊണ്ട് (ആകെ ₹2625/ഹെക്ടർ) മൂലകങ്ങളുടെ വില, കൂലി ചെലവ്, ഡ്രോൺ വാടക, വാഹന വാടക എന്നീ ഘടകചെലവുകൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

എ) വാഴപ്പള്ളി ഓടേറ്റി വടക്കേ പാടശേഖരത്തിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹോർമിസ് ഹെബിൻ ഫ്രാൻസിസ്, മംഗലശ്ശേരി വീട്, ആസാദ് റോഡ്, ആലുവ, എറണാകുളം എന്ന ഏജൻസിക്ക് ₹3,07,500 (ടാക്സ് ഇൻവോയിസ് പ്രകാരം ₹4,43,231) നല്കിയിട്ടുണ്ട്. പായിപ്പാട് പൂവം, ഇട്ട്യാകരി പാടശേഖരങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് സമൃദ്ധി അഗ്രോ ഡ്രോൺ സർവീസ്, പുത്തൻവീട്, തോട്ടപ്പള്ളി, ആലപ്പുഴ എന്ന ഏജൻസിക്ക് ₹2,17,500 (ടാക്സ് ഇൻവോയിസ് പ്രകാരം ₹3,52,500) നല്കിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളെ ടി പ്രവർത്തികൾക്കായി തെരഞ്ഞെടുത്തതിന്റെ രേഖകൾ (ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ), കമ്മറ്റി തീരുമാനം എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ബി) പ്രസ്തുത പാടശേഖരങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹെക്ടറിന് ചെലവായ തുക ഏജൻസികൾ അനുസരിച്ച് ചുവടെ ചേർക്കും വിധം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമനമ്പർ | ഏജൻസിയുടെ പേര് | പാടശേഖരത്തിന്റെ പേര് | വിസ്തൃതി (ഹെക്ടറിൽ) | ഡ്രോൺ ചെലവ്(₹) | ഡ്രോൺ ചെലവ്(₹)/ഹെക്ടർ |
|---|---|---|---|---|---|
| 1 | ഹോർമിസ് ഹെബിൻ ഫ്രാൻസിസ് | ഓടേറ്റി വടക്കേ പാടശേഖരം | 205 | 4,43,231.25 | 2162.10 |
| 2 | സമൃദ്ധി അഗ്രോ ഡ്രോൺ സർവീസ് | പായിപ്പാട് പൂവം, ഇട്ട്യാകരി പാടശേഖരം | 235 | 3,52,500 | 1500 |
| വ്യത്യാസം | | | | | 662.1 |

ഒടേറ്റി വടക്കേ പാടശേഖരത്തിൽ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മ മൂലകങ്ങൾ തളിച്ചതിന് ഹെക്ടറിന് ₹662 നിരക്കിൽ 205 ഹെക്ടറിന് ₹1,35,731/- യുടെ അധികചെലവ് ഡ്രോൺ വാടകയിനത്തിൽ ഉണ്ടായിട്ടുണ്ട്.

സി)ഒടേറ്റി വടക്കേ പാടശേഖരത്തിൽ നെല്ലുല്പാദക സമിതി 07/01/2025 ൽ സമർപ്പിച്ചിരിക്കുന്ന ശരത്ത് എന്ന വ്യക്തിയുടെ ₹10000/-യുടെ വൗച്ചറിൽ ഏതിനത്തിലുള്ള കൂലിയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പിലും ഫയൽ കൈകാര്യം ചെയ്തതിലും മേൽ സൂചിത അപാകതകൾ സംഭവിച്ചതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് അന്വേഷണകുറിപ്പ് (നം.04/26.10.2025) നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം നടത്തുന്ന വിവിധ ഏജൻസികളെ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിരിന്നെങ്കിൽ ഉപഖണ്ഡിക (ബി)യിൽ പരാമർശിക്കുന്ന അധികചെലവ് ഒഴിവാക്കാമായിരുന്നു. കൂടാതെ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുകയോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഉപഖണ്ഡിക (ബി)യിൽ പരാമർശിക്കുന്ന അധികമായി ചെലവഴിച്ച തുക ₹1,35,731/- ഓഡിറ്റിൽ നിരാകരിക്കുകയും ഉപഖണ്ഡിക (സി)യിൽ പരാമർശിക്കുന്ന തുക ₹10000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-3 വനിത ഗ്രൂപ്പുകൾക്ക് ബന്ദിപ്പൂകൃഷി - വിതരണം ചെയ്യാത്ത തൈകളുടെ വില അംഗീകിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0069/25, ബന്ദിപ്പൂകൃഷി വനിത ഗ്രൂപ്പുകൾക്ക് |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ -കൃഷി |
| അടങ്കൽ | ₹1,00,000/- |

| | |
|---|---|
| | (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹1,00,000/-<br>(വികസനഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 1)170/16.12.2024/₹40,000<br>2)157/13.12.2024/₹9,000<br>3)156/13.12.2025/₹51,000 |

ഓണത്തിന് ആവശ്യമായ പൂക്കൾക്ക് സ്വയം പര്യാപ്തത കൈവരിക്കുക, അധിക വരുമാനം ഉറപ്പാക്കുക, എക്കോളജിക്കൽ എഞ്ചിനീയറിംഗ് പ്രോത്സാഹിപ്പിക്കുക, ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുഷ്പകൃഷി ചെയ്യുക എന്നീ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ബന്ദിപ്പൂ തൈകൾ യൂണിറ്റിന് ₹5 നിരക്കിൽ 18,200 യൂണിറ്റ് തൈകൾ വാങ്ങിയ ഇനത്തിൽ വൈക്കം, ഉല്ലലയിൽ പ്രവർത്തിക്കുന്ന ഗുരുകൃപ ഹോർട്ടിക്കൾച്ചറൽ നേഴ്സറിക്ക് ₹91,000(₹40000+₹51,000) നല്കിയിട്ടുണ്ട്. കൂടാതെ ₹9,000 29/06/2024ൽ തൃക്കൊടിത്താനം കൃഷിഭവനിൽ വച്ച് വിവിധ ഗ്രൂപ്പുകളിൽ ഉൾപ്പെട്ട 62 കർഷകർക്ക് പരിശീലനം നല്കിയതിന് ചെലവായിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

എ) വാകത്താനം കൃഷിഭവന്റെ ലിസ്റ്റിൽ 3 കർഷകർ/ഗ്രൂപ്പുകൾ 3200യൂണിറ്റ് ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. ലിസ്റ്റ് പ്രകാരം ശ്രീമതി ഓമന ഐസക് എന്ന കർഷക ബന്ദിപ്പൂ തൈകൾ 600 യൂണിറ്റ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൾ ഉൾപ്പെടുന്ന വനിതഗ്രൂപ്പിന്റെ വിവരങ്ങളോ, അപേക്ഷയും അനുബന്ധരേഖകളോ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

ബി) തൃക്കൊടിത്താനം കൃഷിഭവന് കീഴിൽ 8 ഗ്രൂപ്പുകൾ ആകെ 4300 യൂണിറ്റ് ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ഗ്രൂപ്പുകളുടെ അപേക്ഷയിൽ കൃഷിചെലവുകളുടെ വിവരണം, സൈറ്റ് പരിശോധിച്ച് കൈപ്പറ്റിയ എണ്ണം ബന്ദിപ്പൂ തൈകൾ കൃഷി ചെയ്തിട്ടുണ്ട് എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

സി) പായിപ്പാട് കൃഷിഭവന്റെ ലിസ്റ്റിൽ 3 ഗ്രൂപ്പുകൾ ആകെ 1750 ബന്ദിപ്പൂ തൈകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ഗ്രൂപ്പുകളുടെ അപേക്ഷയോടൊപ്പം ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ, പാട്ട ഉടമ്പടി തുടങ്ങിയ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷയിൽ കൃഷിചെലവുകളുടെ വിവരണവും, സൈറ്റ് പരിശോധിച്ച് കൈപ്പറ്റിയ എണ്ണം ബന്ദിപ്പൂ തൈകൾ കൃഷി ചെയ്തിട്ടുണ്ട് എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും രേഖപ്പെടുത്തിയിട്ടില്ല.

**ഡി) വിവിധ പഞ്ചായത്തിലെ കൃഷിഭവനു കീഴിലെ ഗ്രൂപ്പുകൾ കൈപ്പറ്റിയ ബന്ദിപ്പൂ തൈകളുടെ ആകെ എണ്ണം ചുവടെ ചേർക്കുന്നു.**

| ക്രമനമ്പർ | കൃഷി ഭവന്റെ പേര് | ഗ്രൂപ്പുകളുടെ എണ്ണം | ഗ്രൂപ്പുകൾ കൈപ്പറ്റിയ ബന്ദിപ്പൂ തൈകളുടെ എണ്ണം |
|---|---|---|---|
| 1 | വാകത്താനം | 3 | 3200 |
| 2 | മാടപ്പള്ളി | 3 | 4700 |
| 3 | തൃക്കൊടിത്താനം | 8 | 4300 |
| 4 | വാഴപ്പള്ളി | 4 | 1500 |
| 5 | പായിപ്പാട് | 3 | 1750 |
| ആകെ | | 21 | 15,450 |

ആകെ 18200 യൂണിറ്റ് ബന്ദിപ്പൂ തൈകൾ വാങ്ങിയതിൽ വിതരണം നടത്തിയത് 15,450 യൂണിറ്റുകളാണ്. 2750 യൂണിറ്റുകൾ വിതരണം നടത്തിയതായി ഫയലിൽ കാണുന്നില്ല.

ഇ) ഗ്രൂപ്പുകളുടെ ബന്ദിപ്പൂ വിളവെടുപ്പ് സംബന്ധിച്ച രേഖകളും, ഓണത്തിന് ആവശ്യമായ പൂക്കൾക്ക് സ്വയം പര്യാപ്തത കൈവരിക്കുക, അധിക വരുമാനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിച്ചതായുള്ള രേഖകളും പരിശോധനയ്ക്കായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പിലും ഫയൽ കൈകാര്യം ചെയ്തതിലും മേൽ സൂചിത അപാകതകൾ സംഭവിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണകുറിപ്പ്(നം.05/26.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഫയലിലെ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഹാജരാക്കേണ്ടതും പ്രസ്തുത പ്രോജക്ട് പ്രകാരം ബന്ദിപ്പൂക്കളുടെ വിളവെടുപ്പിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത 2750 യൂണിറ്റ് ബന്ദിപ്പൂ തൈകളുടെ വിലയായ ₹13,750/- ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി ചെലവ് തുക ₹86,250/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ- വിതരണവിവരങ്ങൾ ഇല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0115/25, വാകത്താനം ഗ്രാമ പഞ്ചായത്തിലെ 16, 17 വാർഡുകളിലെ പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ(സ്പിൽ ഓവർ) |
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ -കൃഷി |
| അടങ്കൽ | ₹2,50,750/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹2,49,250/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 19/09.05.2024/₹2,49,250 |

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട് പ്രകാരം വാകത്താനം പഞ്ചായത്തിലെ 16, 17 വാർഡുകളിലെ പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് തുക ചെലവഴിച്ചിരുന്നു. ഇൻവോയിസ് നം KTM/1866 /2023-2024, തീയതി.22.03.2024 പ്രകാരം 20എച്ച്.പി.യുടെ ഒരു മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതായുള്ള രേഖകൾ ഫയലിൽ ഇല്ല. കൂടാതെ പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ(Vol. V) പരിശോധിച്ചതിൽ പേജ് നമ്പർ 54 ൽ ഇൻവോയിസ് നമ്പർ, തീയതി, പമ്പ് സെറ്റ് -1 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇൻവോയിസ് പ്രകാരമുള്ള പമ്പ് സെറ്റിന്റെ വിശദാംശങ്ങൾ, പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പാടശേഖരസമിതിയുമായി പമ്പ് സെറ്റിന്റെ കൈമാറ്റവ്യവസ്ഥകൾ സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയോ പാടശേഖരസമിതി പമ്പ് സെറ്റ് കൈപ്പറ്റിയതായുള്ള രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരാകുകയോ, മോട്ടോറും അനുബന്ധ ഉപകരണങ്ങളും എപ്രകാരം സൂക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ പമ്പ് സെറ്റുകളുടെ ഭൗതിക പരിശോധന നടത്താനും കഴിഞ്ഞിട്ടില്ല.

പമ്പ് സെറ്റുകളുടെ നിലവിലെ അവസ്ഥ, വിതരണവിവരങ്ങൾ എന്നിവ അറിയിക്കുന്നതോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവയിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുന്നതിനുള്ള വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.15/29.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹2,49,250 രൂപ ചെലവഴിച്ച് കാർഷിക മേഖലയുടെ വികസനത്തിന് വാങ്ങിയ മോട്ടോറും അനുബന്ധ ഉപകരണങ്ങളും കൈപ്പറ്റിയത് ഭൗതികമായി പരിശോധിച്ച് ബോധ്യപ്പെടുവാൻ സാധിക്കാത്ത സാഹചര്യത്തിലും അവയുടെ കൈമാറ്റ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും ചെലവുതുകയായ 249250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വ്യക്തമായ രേഖകൾ ഇല്ലാതെ ചെലവഴിച്ച 249250/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 ഭക്ഷ്യ സംസ്കരണ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നിയമാനുസൃതമല്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം./പേര് | 112/25, ബ്ലോക്ക് പഞ്ചായത്ത് ഇൻകുബേഷൻ ഫെസിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ ,ഫണ്ടിനം | 50,000/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | 50,000/- |
| ബിൽ നം./തീയതി | 26/9.5.24 |

മാടപ്പള്ളി ബ്ലോക്ക് വനിത ഫുഡ് പ്രോസസിംഗ് ഐസിഎസ് ലിമിറ്റഡ് എസ് ഇൻഡ്(കെ)342 എന്ന 10 അംഗ വനിതാ സ്വയംസഹായ സംഘത്തിന് 2023-24 വർഷം റിവോൾവിംഗ് ഫണ്ടായി 1,50,000/- രൂപയും, 2024-25 വർഷം 50,000/- രൂപയുമുൾപ്പടെ ആകെ 200000/-രൂപ നല്കിയിട്ടുണ്ട്. ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് വനിത ഗ്രൂപ്പുകൾക്ക് അടങ്കലിന്റെ 50% എന്ന പരിധിക്ക് വിധേയമായി 1.5 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കാമെങ്കിലും തുടർ പ്രവർത്തനങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദനീയമല്ല. യൂണിറ്റിനാവശ്യമായ കെട്ടിടം, മെഷിനറി അടക്കം അടിസ്ഥാന സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതിനാൽ യൂണിറ്റിന് അധികമായി സബ്സിഡിയോ, റിവോൾവിംഗ് ഫണ്ടോ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

നിയമാനുസൃതമല്ലാതെ 2 ലക്ഷം രൂപ (തൻവർഷം 50,000/-രൂപ) റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി(നം.1/25.10.25) നൽകിയിരുന്നു. 2 ലക്ഷം രൂപയിൽ ചെലവഴിയ്ക്കാതെ അവശേഷിച്ച

1ലക്ഷം രൂപയും പലിശയും സഹിതം 106266/- രൂപ കറുകച്ചാൽ ട്രഷറിയിൽ 21.10.25ൽ KL030654618202526M നമ്പർ ചെലാൻ പ്രകാരം അടവാക്കിയതായി അറിയിച്ചു. ബാക്കി തുക തിരിച്ചടക്കുന്നതുമായി ബന്ധപ്പെട്ട് കാലാവധി തരണമെന്ന് സംഘം അപേക്ഷിച്ചിട്ടുണ്ടെന്നും, ആയതിൽ തീരുമാനം വരുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 1ലക്ഷം രൂപ തിരികെ ഈടാക്കി സർക്കാരിൽ അടവാക്കേണ്ടതാണ്. തൻ വർഷം ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം-ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ

**1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 24 | 144000 | 144000 | ഇല്ല | - |

**2.മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**3.മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**4.മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പടെ) | | | |
| ഇല്ല | - | | | | |

**4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക ഭരണസമിതി 25-07-2025 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് സോഫ്റ്റ്‌വെയർ മുഖേന 29-07-2025 ന് ഓൺലൈനായി ഓഡിറ്റിനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 23-10-2025 ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയും, സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയും ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം - 3,4,5 എന്നിവയായി ഈ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

**4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം**

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 30.38 ലക്ഷം രൂപയും ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രോജക്ട് 26.6 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം വാർഷിക പദ്ധതി പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2,548,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം ജനറൽ (9/25) | 2,548,000/- | 0 |
| | 490,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം പട്ടികജാതി (10/25) | 490,000/- | 0 |
| | **3,038,000/-** | **ആകെ ജില്ല വിഹിതം** | **3,038,000/-** | **0** |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 2,450,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം ജനറൽ (9/25) | 2,450,000/- | 0 |
| | 210,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം പട്ടികജാതി (10/25) | 210,000/- | 0 |
| | **2,660,000/-** | **ആകെ പഞ്ചായത്ത് വിഹിതം** | **2,660,000/-** | **0** |

ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി ലഭ്യമായ 26.6 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ചെലവഴിച്ചെങ്കിലും 1,223,011/- രൂപയുടെ വരവ്-ചെലവ് മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തത്. അക്കൗണ്ടിംഗ് അപാകത പരിഹരിക്കേണ്ടതാണ്.

**4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിലെ സെക്രട്ടറി നിർവ്വഹിച്ച 4 പ്രോജക്ടുകൾ പ്രകാരം KSEB Ltd.-ൽ 2,053,882/- രൂപയും 2 പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പിൽ 3,355,200/- രൂപയും ഉൾപ്പടെ 54.09 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ KSEB ലൈൻ | 498,518/- | ഇല്ല | 498,518/- |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ (34/25) | | | |
| KSEB Ltd. | പൂവം ഡിവിഷനിൽ വിവിധ വാർഡുകളിൽ KSEB ലൈൻ ദീർഘിപ്പിക്കൽ (88/25) | 282,743/- | ഇല്ല | 282,743/- |
| KSEB Ltd. | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ KSEB യിൽ തുക നിക്ഷേപിക്കൽ (120/25) | 250,000/- | ഇല്ല | 250,000/- |
| KSEB Ltd. | തോട്ടയ്ക്കാട് ഡിവിഷനിൽ വിവിധ വാർഡുകളിൽ KSEB ലൈൻ ദീർഘിപ്പിക്കൽ (80/25) | 488,561/- | ഇല്ല | 488,561/- |
| KSEB Ltd. | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഡിവിഷനിൽ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ KSEB യിൽ തുക നിക്ഷേപിക്കൽ(47/25) | 534,060/- | ഇല്ല | 534,060/- |
| ഭൂജല വകുപ്പ് | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതി ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കൽ (78/25) | 1,255,000/- | ഇല്ല | 1,255,000/- |
| ഭൂജല വകുപ്പ് | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതി GWD ൽ തുക നിക്ഷേപിക്കൽ(127/25) | 2,100,200/- | ഇല്ല | 2,100,200/- |
| **ആകെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയത്** | | **5,409,082/-** | **-** | **5,409,082/-** |

നിക്ഷേപ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും Advance Register ൽ ചേർക്കേണ്ടതാണ്. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിലെ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ നിക്ഷേപം നടത്തിയ

ശേഷം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുകകൾ ഒന്നും നൽകിയിട്ടില്ല.

**4-6 വായ്പ/വായ്പാ തിരിച്ചടവ്**

ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയില്ല.

**4-7 സ്ഥിരനിക്ഷേപങ്ങൾ**

ധനകാര്യ പത്രിക പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് 31-03-2025 വരെ സ്ഥിരനിക്ഷേപങ്ങളില്ല.

**4-8 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2024-25 വർഷം വരവില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി ഇല്ലാത്ത പക്ഷം റിക്കവറി ഇല്ല എന്ന വിവരം പ്രസ്തുത രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | വിഷയാധിഷ്ഠിത അവലോകനം – നിഷ്ക്രിയ ആസ്തികൾ | 2014-15 | 4.1.5 | എസ്. സി. വനിതാ പരിശീലന കേന്ദ്രം –നിഷ്ക്രിയ ആസ്തി | നിയമാസഭാസമിതി(2021-23) യുടെ 37-ാമത് റിപ്പോർട്ട് ഖണ്ഡിക 109-പട്ടികജാതി ഫണ്ട് ഉപയോഗിച്ച് നിർമിച്ച് കെട്ടിടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. സാധൂകരണം ലഭിച്ചിട്ടില്ല. |

**4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ഓഡിറ്റ് വർഷത്തിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരമുള്ള ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് | : | 84,084,667/- |

| | | |
|---|---|---|
| ഉൾപ്പടെ (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 78,329,665/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 64,688,494/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 61,797,543/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 473943/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 66,48,495/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയാ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 (1-14) | | 25212/- | ഡോ. അനീന സൂസൻ സഖറിയ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-2 (1-15) | | 135731/- | ഡോ. അനീന സൂസൻ സഖറിയ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-3 (1-16) | | 13750/- | ഡോ. അനീന സൂസൻ സഖറിയ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-4 (1-17) | | 249250/- | ഡോ. അനീന സൂസൻ സഖറിയ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-5 (1-18) | | 50000/- | ശ്രീ. സെബാസ്റ്റ്യൻ ഡൊമിനിക്, വ്യവസായ വികസന ഓഫീസർ |
| ആകെ | | 473943/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 95,500/- | ശ്രീമതി സിന്ധു കെ. പി.<br>ശിശു വികസന പദ്ധതി ഓഫീസർ(CDPO) |
| 1-15 | 10,000/- | ഡോ. അനീന സൂസൻ സഖറിയ<br>അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| 1-16 | 86,250/- | ഡോ. അനീന സൂസൻ സഖറിയ<br>അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| 1-19 | 3,355,200/- | ശ്രീ വിനോദ് കെ.,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-21 | 2,053,882/- | ശ്രീ വിനോദ് കെ.,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-22 | 850,000/- | ശ്രീ. അജിത്കുമാർ എം.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 197,663/- | ഡോ. കെ. ഇ. സെബാസ്റ്റ്യൻ,<br>മെഡിക്കൽ ഓഫീസർ (CHC-വാകത്താനം) |
| **ആകെ** | **6648495/-** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനീന സൂസൻ സഖറിയ അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി), മാടപ്പള്ളി ബ്ലോക്ക് | വെള്ളിയാണത്തിൽ പുത്തൻവീട്, ആലക്കോട്, മെഴുവേലി, പത്തനംതിട്ട 689507 |
| ശ്രീ. സെബാസ്റ്റ്യൻ ഡൊമിനിക്, വ്യവസായ വികസന ഓഫീസർ | താലൂക്ക് വ്യവസായ വികസന ഓഫീസർ, ചങ്ങനാശ്ശേരി | കുളംകുത്തിയിൽ, ഏറ്റുമാനൂർ പി.ഒ, കോട്ടയം -686631. |

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, 31-10-2025 ൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.ടി.എം.പി15/അദാ-18/816(13)/2018/08.05.2018 | 4 |
| 1999-00 | കെ.എസ്.എ.-കെ.ടി.എം.പി15/അദാ-18/816(2)/2018/08.05.2018 | 9 |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി15/അദാ-18/816(4)/2018/08.05.2018 | 3 |
| 2002-03 | എൽ.എഫ്.കെ.പി3/770/13/30.10.2013 /05.11.2013 | 4 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി15/അദാ-18/816(5)/2018/08.05.2018 | 3 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി15/അദാ /816(6)/2018/08.05.2018 | 2 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി15/398(06-07) /അദാ-2025/07.03.2025 | 4 |
| 2007-08 | എൽ.എഫ്.കെ.പി3/770/2013/31.01.2014 | 4 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി15/398(08-09) /അദാ-2025/07.03.2025 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി15/398(09-10) /അദാ-2025/07.03.2025 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി15/398(10-11) /അദാ-2025/07.03.2025 | 9 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി15/398(11-12) /അദാ-2025/07.03.2025 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി15/398(12-13) /അദാ-2025/07.03.2025 | 4 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി15/398(13-14) /അദാ-2025/07.03.2025 | 2 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി15/380 /2018/04.04.2018 | 11 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി15/126 /2019/15.02.2019 | 10 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി15/1781 /2021/12.09.2022 | 13 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി15/398(19-20) /അദാ-2025/07.03.2025 | 9 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി15/780 /2022/20.05.2023 | 26 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി15/398(21-22) /അദാ-2025/07.03.2025 | 8 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി15/1491 /2023/21.08.2024 | 20 |
| 2023-24 | കെ.എസ്.എ.-കെ.ടി.എം.പി15/1882 /2024/21.02.2025 | 27 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 25-07-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Madappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Madappally Block Panchayat as on 31-03-2025

**Date: 13/01/2026** **Senior Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Madappally Block Panchayat for the Year 2024-2025.

### 1.Major Observations

1. General Fund Details not maintained. OBRP data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.
4. Capital Contribution has not made for total value of Capital Expenditure as per annual plan 2024-25.

### 2.Other Observations

1. Deposit Work expenditure of 40,012/- in KSEB Ltd. for project no.47/25 accounted as Deposit in Ground water department.
2. Direct expenditure of Beneficiary Contribution in annual plan has not accounted as passive expenditure.
3. Notes on Account has not provided for prior period expenditure of 2,782,773/- during 2024-25.
4. Deposits Received Liability Register has not maintained.
5. Part Bill amounts adjusted to Fixed assets has not disclosed through documents.
6. Govt. & Other Dues Register has not maintained.
7. PMAY Central Share of 48.72 lakhs during 2024-25 has not accounted.

**Senior Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്